# ക്രൈസ്തവ വനിത

(ഒരു ഗുഡ്ന്യൂസ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിദ്ധീകരണം)

MAY - JUNE 2023 No. 3 | 23



For Private Circulation Only

# CHRAISTHAVA VANITHA

For Private Circulation Only

Founder Editor

**Annamma Charles John**

(A Good News Educational Society Publication)

**This is a publication solely for the propagation of the word of God and thus for the encouragement and edification of the people of God**

**Editorial Committee**

**Mrs.Mary Anchan, Mrs. Sherine Kingston, Mrs. Sobha Selin, Mr. George John**

**Articles for publication should be sent to: Mrs. Sherine Kingston, P.O. Box 2501, MCPO Trivandrum 695011 or by email to sherinekingston@gmail.com. Mob : +919087144349**

## ഉള്ളടക്കം


- നീ നിനക്കായി വലിയ കാര്യങ്ങളെ ആഗ്രഹിക്കുന്നുവോ? 1
- നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തത് പാപമാകുന്നു 3
- കാരാഗൃഹവാസം ആരും ആഗ്രഹിക്കുന്നില്ല 5
- ഉടമസ്ഥന് ഉപയോഗ യോഗ്യമായ മാനപാത്രം 8
- യോഗ്യമായ വേഷം 12
- നാം ഭാഗ്യവാന്മാരോ? 16
- യെരുശലേം പുത്രിമാരേ, നിങ്ങളെച്ചൊല്ലി കരവിൻ 19
- തലമുറകളെ നല്കുന്നത് ദൈവം 23
- മരണക്കെണിയിലേക്ക് ഓടിയടുക്കുന്ന യുവ തലമുറ 26
- ചുവന്ന ബോർഡർ സാരി 29
- പ്രശ്നങ്ങളെ അഭിമുഖീകരിക്കുക 33
- Quest 89 Cover iv




ആമുഖം

# നീ നിനക്കായി വലിയ കാര്യങ്ങളെ ആഗ്രഹിക്കുന്നുവോ?

**യി**രെമ്യാ പ്രവാചകന്റെ പ്രവചനം വാമൊഴി പ്രകാരം കേട്ട് പുസ്തക രൂപത്തിൽ എഴുതിയ ബാരൂക്കിനോട് പ്രവാചകൻ ചോദിച്ച ചോദ്യമാണ്, നീ നിനക്കായി വലിയ കാര്യങ്ങളെ ആഗ്രഹിക്കുന്നുവോ? ആഗ്രഹിക്കരുത്" (യിരെ. 45:5). ലോകപ്രകാരമുള്ള ഉയർച്ച ശാശ്വതമല്ല; എന്നാൽ ദൈവത്തിനായി വൻകാര്യങ്ങൾ ആഗ്രഹിക്കുന്നവർക്ക് ദൈവം നിത്യമായ സംതൃപ്തിയും അനുഗ്രഹവും നല്കും.

മഹാനായ അലക്സാണ്ടർ ചക്രവർത്തി (Alexander the Great) ബി.സി. 4-ാം ആണ്ടിൽ ജീവിച്ചിരുന്ന പ്രശസ്ത ഭരണാധിപനും, പോരാളി യുമായിരുന്നു. ഗ്രീക്കു ചരിത്രത്തിലെ സുപ്രസിദ്ധ പോരാളിയായിരുന്ന ജന റൽ ഫിലിപ്പിന്റെ മകനായിരുന്ന അലക്സാണ്ടർ 14-ാമത്തെ വയസ്സിൽ ഗ്രീക്കു തത്ത്വജ്ഞാനിയും, വിദ്യാദാതാവും, ശാസ്ത്രജ്ഞനുമായിരുന്ന അരിസ്റ്റോട്ടിലിന്റെ (Aristotle) ശിഷ്യനായിത്തീർന്നു. 20-ാമത്തെ വയസ്സിൽ ഗ്രീസിലെ രാജാവായിത്തീർന്നു. യുദ്ധപ്രിയനായിരുന്ന അയാൾ ചുറ്റുമുള്ള രാജ്യങ്ങളെല്ലാം ആക്രമിച്ച്, ലക്ഷോപലക്ഷം ജനങ്ങളെ നിഷ്ക്കരുണം കൊന്ന്, രാജ്യങ്ങൾ സ്വന്തമാക്കി. പേർഷ്യൻ രാജ്യം ആക്രമിച്ച ശേഷം, ഇൻഡ്യാ മഹാരാജ്യത്തിൽ എത്തിച്ചേർന്നു. അന്നത്തെ ലോകം മുഴുവൻ സ്വന്തമാക്കാനുള്ള അധികാരതൃഷ്ണ അയാൾക്കുണ്ടായിരുന്നെങ്കിലും, ബാബിലോണിൽ വച്ച് കഠിനരോഗം പിടിപെട്ടു. കഠിനാദ്ധ്വാനം നിമിത്ത വും, മലേറിയാ രോഗം മൂലവും ബി.സി. 323, ജൂൺ 13-ാം തീയതി 32-ാ മത്തെ വയസ്സിൽ മരണമടഞ്ഞു. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം സ്വർണ്ണ നിർമ്മിതമായ ശവപ്പെട്ടിയിൽ നിക്ഷേപിച്ച് അലക്സാണ്ട്രിയായിലെത്തിച്ച് അതിമനോഹരമായ ശവകുടീരത്തിൽ സംസ്കരിച്ചു.

അലക്സാണ്ടർ തന്റെ ഹ്രസ്വകാല ജീവിതത്തിൽ അനേക രാജ്യ ങ്ങളും ആക്രമിച്ച് സ്വർണ്ണം, വെള്ളി മുതലായവകൊണ്ട് തന്റെ ഭണ്ഡാര ഗൃഹങ്ങൾ നിറച്ചിരുന്നു. "മഹാനായ അലക്സാണ്ടർ" എന്ന നാമധേയ ത്തിന് അർഹനായി. എന്നാൽ താൻ അർത്ഥശൂന്യമായ ഒരു ജീവിതത്തിന്റെ ഉടമയാണെന്നുള്ള തിരിച്ചറിവ് അന്ത്യ വചസ്സുകളിൽ നിന്നും മനസ്സിലാ ക്കുവാൻ സാധിക്കും. തന്റെ ശവമഞ്ചം ശ്മശാനത്തിലേക്ക് വഹിച്ചുകൊണ്ടു പോകുന്നത് തന്നെ ചികിത്സിച്ച ഭിഷഗ്വരന്മാർ തന്നെ ആയിരിക്കണം എന്ന് ആവശ്യപ്പെട്ടു. ഒരു ഭിഷഗ്വരനും ഒരു മനുഷ്യനെ മരണത്തിന്റെ കരാള വക്ത്രത്തിൽ നിന്നും രക്ഷിക്കുവാൻ സാധ്യമല്ലെന്ന് ലോകം മനസ്സിലാക്ക ണം. താൻ സമ്പാദിച്ച ധനത്തിനൊന്നും തന്നെ രക്ഷിപ്പാൻ സാധ്യമല്ല.

അദ്ദേഹത്തിന്റെ അന്ത്യശാസനം തന്റെ ഇരുകൈകളും നിവർത്തിയ രീതിയിൽ ശവമഞ്ചത്തിന്റെ ഇരുവശങ്ങളിലേക്കും തുങ്ങിക്കിടക്കണം. കൊന്നും, നശിപ്പിച്ചും, ഭണ്ഡാരഗൃഹങ്ങൾ നിറച്ചിരുന്ന സമ്പാദ്യത്തിന്റെ ഒരു തരി പോലും തന്നോടൊന്നിച്ച് കൊണ്ടു പോകാൻ സാധ്യമല്ല എന്നു ലോകം അറിയട്ടെ. ഭക്തകവി സാധുകൊച്ചുകുഞ്ഞു ഉപദേശി ഇപ്രകാരം പാടിയത് സ്മരണാർഹം. "നഗ്നനായി ഞാൻ ലോകത്തിൽ വന്നു. നഗ്നനായ്ത്തന്നെ പോകുന്നു. ലോകത്തിലെനിക്കില്ല യാതൊന്നും എന്റെ കൂടങ്ങുപോരുവാൻ".

ജ്ഞാനിയായിരുന്ന ശലോമോൻ രാജാവ് തനിക്കു മുമ്പ് യെരുശലേമിലുണ്ടായിരുന്ന സകല രാജാക്കന്മാരിലും മഹാനായിത്തീർന്നു. ധനത്തിലും, കീർത്തിയിലും അവനെപ്പോലെ മറ്റാരുമുണ്ടായിരുന്നില്ല. ശേബാരാജ്ഞി ശലോമോന്റെ ജ്ഞാനം കേൾപ്പാൻ, "ഭൂമിയുടെ അറുതികളിൽ നിന്ന്" വന്നതായി യേശു പ്രസ്താവിച്ചിരിക്കുന്നു (ലൂക്കൊ. 11:31). അവന്റെ ജ്ഞാനത്തിന് അതിരില്ലായിരുന്നു. പൊന്നിനും, വെള്ളിക്കും വിലയില്ലായിരുന്നു. അവൻ ആഗ്രഹിച്ചതൊന്നും നിഷേധിച്ചില്ല. യിസ്രയേൽ ചരിത്രത്തിലെ ഏറ്റവും വലിയ ജ്ഞാനിയും, സമ്പന്നനും പ്രശസ്തനുമായിരുന്ന ശലോമോൻ ഭൗതിക സുഖങ്ങൾക്ക് അടിമയായി ജീവിച്ചു. ദൈവത്തെ കൂടാതെയുള്ള ജീവിതം അർത്ഥശൂന്യമാണെന്നും, സൂര്യനു കീഴിലുള്ള സകല ഐശ്വര്യവും വെറും "മായ" ആണെന്നും അന്ത്യകാലത്ത് തിരിച്ചറിവുണ്ടായി. ശലോമോൻ രാജാവിന്റെ ഒരു "വിലാപഗീതം" തന്നെയാണ് ബൈബിളിലെ "സഭാപ്രസംഗി" എന്ന പുസ്തകം. ദൈവത്തെ കൂടാതെയുള്ള സന്തുഷ്ടി കണ്ടുപിടിക്കാനുള്ള പരിശ്രമത്തിന്റെ നിഷ്ഫലതയെ ഇവിടെ ദർശിക്കുന്നു. "മായ" എന്ന പദം ഈ പുസ്തകത്തിൽ 37 പ്രാവശ്യം കാണുന്നു. ജീവിതത്തിന്റെ അർത്ഥമെന്തെന്നുള്ള അന്വേഷണത്തിന് കണ്ടെത്തിയ ഉത്തരമാണ് സഭാപ്രസംഗി 12:13-14. "ഒരിക്കൽ മരിക്കുകയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ" ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകളെ പ്രമാണിച്ചു ജീവിച്ചാൽ മനുഷ്യജീവിതം അർത്ഥ സമ്പൂർണ്ണമാണെന്ന് ശലോമോൻ തിരിച്ചറിഞ്ഞു. അവന്റെ കല്പനയോ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുക എന്നതത്രെ. "മറ്റൊരുത്തനിലും രക്ഷ ഇല്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവുമില്ല" അപ്പൊ. 4:12.

ധാർമ്മികവും, അധാർമ്മികവുമായ രീതിയിൽ പണവും, സമ്പത്തും വർദ്ധിപ്പിക്കാൻ മനുഷ്യൻ വ്യഗ്രതകാട്ടുന്ന ഇക്കാലത്ത് ദൈവം മനുഷ്യനെ ഉദ്ബോധിപ്പിക്കുന്നത്, "ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും, തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം?"

"നീ നിനക്കായിട്ടു വലിയ കാര്യങ്ങളെ ആഗ്രഹിക്കുന്നുവോ? ആഗ്രഹിക്കരുത്. ഞാൻ സർവ്വ ജഡത്തിനും അനർത്ഥം വരുത്തും" യിരെ. 45:5

**മേരി അഞ്ചൻ, തുംകൂർ**

# നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തത് പാപമാകുന്നു

**ന**ന്മയും തിന്മയും നിറഞ്ഞ ഒരു ലോകത്തിലാണല്ലോ നാം ജീവിക്കുന്നത്. ഏതു തിരഞ്ഞെടുക്കണമെന്ന സ്വാതന്ത്ര്യം നമുക്കുണ്ട്. പക്ഷെ നന്മ വിതെച്ചാൽ നന്മയും, തിന്മ വിതച്ചാൽ തിന്മയും കൊയ്തെടുക്കാം എന്ന സത്യം വിസ്മരിക്കാതിരിക്കുക.

നന്മ ചെയ്‌വാൻ അവസരം ലഭിച്ചപ്പോൾ ഒറ്റപ്പാലത്തുള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ ചെയ്ത നന്മയേക്കുറിച്ചു കേട്ടപ്പോൾ സന്തോഷം തോന്നി. സാധാരണ പോലീസുകാരേക്കുറിച്ചു നല്ല അഭിപ്രായങ്ങളൊന്നും ആരും പറയാറില്ല. പക്ഷെ, പോലീസുകാരില്ലാത്ത ഒരു നാടിനേക്കുറിച്ചു ചിന്തിക്കാനാകുമോ? അവരുടെ ത്യാഗസമ്പൂർണ്ണമായ സേവനം സമൂഹത്തിന് എത്ര പ്രയോജനകരമാകുന്നു എന്നോർത്ത് അവരെ ആദരിക്കുവാൻ നാം കടമപ്പെട്ടവരാകുന്നു എന്നോർക്കുക. ഈയിടെ ഒറ്റപ്പാലത്തുള്ള ഒരു പോലീസ് സ്റ്റേഷനിൽ നടന്ന സംഭവമാണ് ഈ ലേഖനം എഴുതാൻ എന്നെ പ്രേരിപ്പിച്ചത്.

ആ ദേശവാസിയായ അഖില എന്ന സ്ത്രീ തന്റെ രണ്ട് മക്കളുമായി പോലീസ് സ്റ്റേഷനിലെത്തി. ഏതോ പരാതി ബോധിപ്പിക്കാനായിരിക്കും എന്നു കരുതി കാര്യം തിരക്കിയപ്പോൾ 'രണ്ടുദിവസമായി ഞങ്ങൾ ആഹാരം കഴിച്ചിട്ട്' എന്ന സങ്കടമായിരുന്നു ആ സ്ത്രീ ബോധിപ്പിച്ചത്. കേട്ടമാത്രയിൽ തന്നെ 'ബിനു' എന്നു പേരായ സഹൃദയനായ ആ പോലീസ് ഉദ്യോഗസ്ഥൻ അവരെ അകത്ത് അവരുടെ ഊണുമുറിയിൽ കൊണ്ടുപോയി അവർക്കു വയറു നിറയെ ആഹാരം നല്കി. വിവരങ്ങൾ തിരക്കിയപ്പോൾ കിടപ്പാടം പോലുമില്ലാതെ, വിശപ്പിന് ആഹാരമില്ലാത്ത ആ കുടുംബത്തിന്റെ കഥ കേട്ടപ്പോൾ അദ്ദേഹത്തിന്റെ മനസ്സലിഞ്ഞു. അവിടെയുള്ള ഉദ്യോഗസ്ഥരെ എല്ലാം വിളിച്ച് വിവരം പറഞ്ഞു. സഹൃദയരായ അവരെല്ലാം അവരവർക്കു കഴിയുന്ന സഹായം നല്കി അവരെ പറഞ്ഞയയ്ക്കുകയുണ്ടായി. തുടർന്ന് ബിനു എന്ന പോലീസ് ഉദ്യോഗസ്ഥൻ തന്റെ സ്നേഹിതന്മാരേയും, ദൂരത്തും ചാരത്തുമുള്ള ബന്ധുമിത്രാദികളേയും വിവരം അറിയിച്ചതിന്റെ ഫലമായി ധാരാളം സഹായം ആ ദരിദ്രകുടുംബത്തിനു ലഭിച്ചു എന്നുമാത്രമല്ല, വിദേശത്തുള്ള ആരോ സഹൃദയൻ അവർക്കു താമസിക്കുവാൻ ഒരു വീടും, കുറച്ചു സ്ഥലവും വാഗ്ദാനം ചെയ്തതായി അറിയാനിടയായി. ഈ ദരിദ്രകുടുംബത്തിന് സുരക്ഷിതമായി തന്റെ സങ്കടം ബോധിപ്പിക്കാനായി പോലീസ് സ്റ്റേഷനിലെത്തിയത് ഒരു ദൈവിക നിയോഗമായിരുന്നു. മാത്രമല്ല ഒറ്റപ്പാലത്തുള്ള ഈ പോലീസ് സ്റ്റേഷൻ ഇൻഡ്യയിലെ ഏറ്റവും നല്ല സ്റ്റേഷനുള്ള അവാർഡുകൾ ലഭിച്ചിട്ടുള്ള ഒന്നാകുന്നു എന്നതിൽ അഭിമാനം കൊള്ളുന്നു.

ഒരു പോലീസ് ഉദ്യോഗസ്ഥന്റെ മഹാമനസ്കത മൂലം ഒരു ദരിദ്ര കുടുംബം ഉദ്ധരിക്കപ്പെട്ടു. ഇങ്ങനെ എത്ര എത്ര ദരിദ്രകുടുംബങ്ങളെ സഹായിപ്പാൻ നമുക്കു കഴിയും എന്നതിന്റെ ഒരു ഉത്തമ മാതൃകയാണ് ഈ സംഭവം നമുക്കു നല്കുന്ന നല്ല പാഠം. നന്മ ചെയ്യാനുള്ള ധാരാളം അവസരങ്ങൾ നമുക്കു ചുറ്റിലും ഉണ്ട്. നാം അവ കണ്ടിട്ടും കാണാത്തവരേപ്പോലെ സ്വാർത്ഥ തല്പരരായി നമുക്കു ദൈവം ദാനമായി നല്കിയിട്ടുള്ള നന്മകളെ സ്വന്തമാക്കി വച്ചുകൊണ്ടിരിക്കുന്നതു പാപമാകുന്നു. നമുക്കുള്ള യാതൊന്നും നമ്മുടെ സ്വന്തമല്ല അവയൊക്കെ ദൈവം തമ്പുരാൻ തന്നിട്ടുള്ള ദാനമാകുന്നു. മറ്റുള്ളവരുമായി പങ്കുവയ്ക്കേണ്ടതാകുന്നു എന്നോർക്കുക. നാം അതു ചെയ്യാതിരുന്നാൽ അവയൊക്കെ എടുത്ത് അതിനർഹരായവർക്കു കൊടുക്കുവാൻ ശക്തനായ ദൈവമാണിവയൊക്കെ നമ്മെ ഭരമേല്പിച്ചിരിക്കുന്നതെന്നോർക്കുക. "കൊടുത്താൽ ഏറും" എന്ന യാഥാർത്ഥ്യം മറക്കാതിരിക്കുക. "ദരിദ്രരുടെ നേരെ നിന്റെ ഹൃദയം കഠിനമാക്കരുത്. കൈ അടയ്ക്കയുമരുത്. നിന്റെ കൈ അവന്നു വേണ്ടി തുറന്ന് അവന്നു വന്ന ബുദ്ധിമുട്ടിന് ആവശ്യമായതു ചെയ്യാതിരുന്നാൽ അവന്റെ കരച്ചിൽ ദൈവം കേട്ട് നിന്നെ ശിക്ഷിപ്പാനും അതു നിനക്കു പാപമായിത്തീരാനും ഇടയാകരുത്. ദരിദ്രനും അഗതിയുമായ നിന്റെ സഹോദരനു നിന്റെ കൈ മനസ്സോടെ തുറന്നു കൊടുക്കണം" എന്നത് ദൈവിക കല്പനയും, ന്യായപ്രമാണവുമാകുന്നു. അതു കൊണ്ടു നമ്മെ പരീക്ഷിപ്പാനാകുന്നു ദൈവം നമ്മുടെ ഇടയിൽ ദരിദ്രരെ ആക്കിയിരിക്കുന്നത്. നിന്റെ സഹോദരനോ സഹോദരിയോ ആരും നഗ്നനും അഹോവൃത്തിക്കു വകയില്ലാത്തവരുമായിരിക്കെ അവരോട് സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കുകയും ചെയ്‌വിൻ" എന്നു പറയുന്നതല്ലാതെ, ദേഹരക്ഷക്ക് ആവശ്യമുള്ളതു അവർക്കു നല്കാതിരിക്കുന്നത് ശിക്ഷാർഹമായ പാപമാകുന്നു. എല്ലാം കണ്ടുകൊണ്ടിരിക്കുന്ന ദൈവം നീതിയുള്ള ന്യായാധിപതിയാകുന്നു നിനക്കുള്ളതെല്ലാം എടുത്ത് ഇല്ലാത്തവന്നു കൊടുക്കാൻ ദൈവത്തിനു കഴിയും. അതിന്നിടയാകാതിരിപ്പാൻ ശ്രദ്ധിക്കുക. നാം സമൃദ്ധിയിൽ കഴിയുമ്പോൾ നമുക്കു ചുറ്റും അതിനു കഴിവില്ലാത്ത അനേകരുണ്ടെന്നു മനസ്സിലാക്കി അവരെ സഹായിപ്പാനുള്ള സന്മനസ്സുള്ള വരായിരിക്കുക.

പ്രിയമുള്ളവരേ "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം" എന്ന ദൈവിക കല്പനയ്ക്ക് ഉദാഹരണമായി യേശുക്രിസ്തു പറഞ്ഞ നല്ല ശമര്യാക്കാരന്റെ കഥ തിരുവെഴുത്തിലുള്ളതു നമുക്കറിയാമല്ലോ. നാമൊക്കെ തിരുവചനം വായിച്ചു പഠിക്കുന്നവരും, പഠിപ്പിക്കുന്നവരുമാകുന്നു. എന്നാൽ നമ്മുടെയൊക്കെ ദൈനംദിന ജീവിതത്തിൽ നാം അതൊക്കെ പാലിക്കാറുണ്ടോ? തിന്മയ്ക്കു നന്മ എന്നും, നന്മയ്ക്കു തിന്മ എന്നും പേരു പറയുകയും ഇരുട്ടിനെ വെളിച്ചവും,

*ശേഷം പേജ് 11 കാണുക*

# കാരാഗൃഹവാസം ആരും ആഗ്രഹിക്കുന്നില്ല

**ആ**രും കാണുവാനോ കേൾക്കുവാനോ ആഗ്രഹിക്കാത്ത ഒന്നാണ് കാരാഗൃഹജീവിതം അഥവാ തടവറജീവിതം. സ്വാതന്ത്ര്യമില്ലാതെ ഒറ്റപ്പെട്ടു കഴിയുന്ന അന്തരീക്ഷം ആരും ഇഷ്ടപ്പെടുന്നില്ല. എന്നാൽ ക്രിസ്തീയ ജീവിതത്തിൽ പലപ്പോഴും കാരാഗൃഹത്തിന്റെ അനുഭവം അനുഭവിക്കേണ്ടിവരുന്നെങ്കിൽ ദൈവത്തിനു നമ്മെക്കുറിച്ച് ഒരു ഉദ്ദേശ്യമുണ്ടായിരിക്കും. എന്നാൽ കാരാഗൃഹത്തിൽ നിന്നും പുറത്തുവരുമ്പോൾ ചില പുതിയ അനുഭവം കാണുവാൻ സാധിക്കും. അങ്ങനെ പുറത്തുവന്ന ചിലരെക്കുറിച്ച് ചുരുക്കമായി ചിന്തിക്കാം.

**യോസേഫ് (ഉൽപത്തി 39:20-23)**

തന്റെ സഹോദരന്മാർ മുഖാന്തരം ഫറവോന്റെ കൊട്ടാരത്തിലെത്തിച്ചേർന്ന യുവകോമളനായ യോസേഫിനെ ഫറവോന്റെ ഒരു ഉദ്യോഗസ്ഥനായിരുന്ന അകമ്പടി നായകനായ പോത്തീഫർ എന്ന ഒരു മിസ്രയീമ്യൻ വിലയ്ക്കുവാങ്ങി. ഈ യജമാനന്റെ ഭാര്യ യോസേഫിൽ നോട്ടമിട്ടു. ദൈവത്തോടു പാപം ചെയ്യുകയില്ലെന്നു ഉറച്ച തീരുമാനത്തോടെ വഴങ്ങാതിരുന്ന യോസേഫിന്റെ മേൽ അവൾ അപവാദം ചുമത്തി. യാതൊരു തെറ്റും ചെയ്യാത്ത യോസേഫിന് യജമാനൻ (പോത്തീഫർ) കൊടുത്തത് കാരാഗൃഹവാസമായിരുന്നു. ദൈവം അവനോടു കൂടെയുണ്ടായിരുന്നതിനാൽ ദൈവത്തിന്റെ അരുളപ്പാടുകളെ അറിയിക്കുന്ന യോസേഫിനെ നമുക്കിവിടെ കാണുവാൻ സാധിക്കും. കാരാഗൃഹത്തിന്റെ അനുഭവത്തിലും വിശ്വസ്തനായി നില്ക്കുന്ന യോസേഫ്. നാളുകൾ ചിലതുകഴിഞ്ഞു ഫറവോൻ ഒരു സ്വപ്നം കണ്ടു. ഫറവോന്റെ സ്വപ്നം വ്യാഖ്യാനിക്കുന്നതിൽ ആ രാജ്യത്തെ സകല മന്ത്രവാദികളും ജ്ഞാനികളും ആവോളം ശ്രമിച്ചു പരാജയപ്പെട്ടപ്പോൾ ദൈവത്തിന്റെ സമയത്ത് ഇതാ യോസേഫ് കാരാഗൃഹത്തിൽ നിന്നും പുറത്തുവരുന്നു. തന്നെ ജയിലിൽ അടയ്ക്കാൻ കല്പിച്ച ഫറവോൻ ആളയച്ച് യോസേഫിനെ വിളിപ്പിച്ചു. ഈ ലോകത്തിന്റെ ജ്ഞാനികളെയും മന്ത്രവാദികളെയും ലജ്ജിതരാക്കിക്കൊണ്ട് ദൈവിക ജ്ഞാനത്തിന്റെ പൊരുൾ വ്യക്തമാക്കി. യോസേഫിന്റെ ദൈവം ആരാണെന്ന് ഫറവോന് വ്യക്തമായി മനസ്സിലായി. കാരാഗൃഹത്തിൽ നിന്നും പുറത്തുവന്ന യോസേഫിനെ ആ രാജ്യത്തെ ഏറ്റവും ഉയർന്ന സ്ഥാനവും ബഹുമാനവും നല്കി ഫറവോൻ ആദരിച്ചു.

ചില നാളുകൾ കാരാഗൃഹത്തിൽ കഴിയേണ്ടി വന്നെങ്കിലും എല്ലാം

നന്മയ്ക്കായി ചെയ്യുന്ന ദൈവം തന്നെ അവിടെ ആക്കിയത് എന്തിനാണെന്ന് യോസേഫിന് മനസ്സിലായി. പ്രിയരേ, ക്രിസ്തീയ ജീവിതത്തിൽ കാരാഗൃഹത്തിന്റെ അനുഭവം നമ്മിൽ അനുവദിച്ചെന്നു വരാം. ഇല്ലാത്ത കുറ്റം പറഞ്ഞ് മറ്റുള്ളവരാൽ നിന്ദിക്കപ്പെട്ട്, ഒറ്റപ്പെട്ട് കഴിയുന്ന അനുഭവം, പുറത്തിറങ്ങാൻ കഴിയാത്ത സാഹചര്യം. യോസേഫിന്റെ ദൈവം ജീവിക്കുന്നു. ഇന്നല്ലെങ്കിൽ നാളെ അവൻ നമ്മെ പുറത്തുകൊണ്ടുവരും. പ്രതീക്ഷിക്കാത്ത അനുഭവങ്ങളിലൂടെ അനുഗ്രഹത്തിന്റെ കലവറ തുറന്ന് അവൻ നമ്മെ ഉയർത്തും. ആരെല്ലാം പരിഹസിക്കട്ടെ, ദുഷിക്കട്ടെ, ഒറ്റപ്പെടുത്തട്ടെ, നിന്ദകളും പരിഹാസങ്ങളും ദുഷികളും ഏറ്റവും സഹിച്ച കർത്താവ് നമ്മോടുകൂടെയുണ്ട്.

**പത്രൊസ്**

ഒന്നാം നൂറ്റാണ്ടിൽ പലരീതിയിലുള്ള പീഡകൾ സഭയ്ക്കു നേരെ ആഞ്ഞടിച്ചുവെങ്കിലും ദൈവജനം നിരാശരായില്ല. അവർ മേല്ക്കുമേൽ ശക്തി പ്രാപിച്ചു. കൂടെയുള്ളവരെ കല്ലെറിഞ്ഞു കൊല്ലുമ്പോഴും വാളിനാൽ കൊല്ലുന്നത് കാണുമ്പോഴും പത്രൊസും കൂട്ടുവിശ്വാസികളും, പിന്തിരിഞ്ഞോടിയില്ല. പരിശുദ്ധാത്മ ശക്തിയാൽ നിറയപ്പെട്ട് കർത്താവിന്റെ മഹിമ കണ്ട പത്രൊസിന് പീഡകളുടെ മദ്ധ്യത്തിലും ധൈര്യത്തോടെ പറയുവാനുള്ളത് "ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നത് പ്രസ്താവിക്കാതിരിക്കാൻ കഴിയുന്നതല്ല (അപ്പൊ. 4:19) എന്നാണ്. പത്രൊസിനെയും അവർ വെറുതെ വിട്ടില്ല. അവനെ പിടിച്ചു കാരാഗൃഹത്തിലാക്കി ചങ്ങലകളാൽ ബന്ധിക്കപ്പെട്ട് കാവല്ക്കാരുടെ നടുവിൽ യാതൊരു പരിഭ്രമവും പിറുപിറുപ്പുമില്ലാതെ ദൈവഹിതത്തിനായി കാത്തുകൊണ്ട് പത്രൊസ് ഏകനായിരിക്കുമ്പോൾ പുറത്ത് ഒരു കൂട്ടം ദൈവജനം സ്വർഗ്ഗത്തിലേക്ക് കണ്ണുകളുയർത്തി പ്രാർത്ഥിക്കുകയാണ്. പത്രൊസ് ഉറങ്ങുമ്പോൾ രാത്രിയുടെ യാമങ്ങളിൽ ഉണർന്നിരുന്ന് ദൈവമുഖത്തേക്ക് നോക്കുന്നവരുടെ ഉയർന്ന പ്രാർത്ഥനാശബ്ദം ശ്രവിച്ച അത്ഭുതമന്ത്രി തന്റെ ദൂതനെ അയച്ച് പത്രൊസിനെ വിടുവിക്കുന്നു. "അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി" (സങ്കീ. 34:5). കാരാഗൃഹത്തിൽ നിന്നു പുറത്തുവന്ന പത്രൊസ് കണ്ടത് തനിക്കുവേണ്ടി പ്രാർത്ഥനയിൽ പോരാടുന്ന ഒരു കൂട്ടം ദൈവമക്കളെയാണ്. എത്രയോ സന്തോഷകരമായ അനുഭവം. പത്രൊസ് കാരാഗൃഹത്തിൽ ആയിരുന്നില്ല എങ്കിൽ, ഒരു പക്ഷേ അവർ പ്രാർത്ഥനയ്ക്ക് വേണ്ടി സമയം വേർതിരിക്കുകയില്ലായിരുന്നു. ദൈവത്തിന്റെ അത്ഭുത പ്രവൃത്തികളെ കാണുവാൻ സാധിക്കുകയില്ലായിരുന്നു.

സ്വഭവനക്കാർ, ചാർച്ചക്കാർ, സ്നേഹിതർ മുതലായവർ നിമിത്തം പലതരത്തിലുള്ള പീഡകൾ നമുക്ക് ഉണ്ടായിട്ടില്ലേ? ഉണ്ടാകാം എന്നിരുന്നാലും നാം ക്ഷീണിച്ചു പോകേണ്ട ആവശ്യം ഇല്ല. നമുക്കുവേണ്ടി ഒരു കൂട്ടം വിശ്വാസികളെ കർത്താവ് ഒരുക്കുന്നു. നമ്മുടെ വിടുതലിനുവേണ്ടി അവർ ദൈവമു

ഖത്തേക്ക് നോക്കി കണ്ണീരൊഴുക്കുന്നു. പിന്നെയെന്തിന് ഭാരപ്പെടണം? നാം കാരാഗൃഹ അവസ്ഥയിൽ നിന്ന് പുറത്തിറങ്ങി വരുമ്പോൾ നമ്മുടെ ദുഃഖത്തിൽ നമ്മോടു പങ്കാളികളായിത്തീർന്ന് ശ്രദ്ധയോട് ഒരുമനപ്പെട്ട പ്രാർത്ഥിക്കുന്ന കൂട്ടുവിശ്വാസികളെ കാണുവാൻ സാധിക്കും.

**3. പൗലൊസും ശീലാസും:** സുവിശേഷം നിമിത്തം കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട പൗലൊസിന്റെയും ശീലാസിന്റെയും ശരീരത്തിൽ അടിയേറ്റ വേദനയും പ്രയാസവും ഉണ്ട്, തന്നെയുമല്ല, ആമത്തിലിട്ടു പൂട്ടിയിരിക്കുകയുമാണ്. ദമസ്കോസിന്റെ പടിവാതില്ക്കൽവച്ച് കർത്താവിനാൽ അത്ഭുതകരമായി പിടിക്കപ്പെട്ട പൗലൊസിനും കൂട്ടുവേലക്കാരനായ ശീലാസിനും ഇതൊന്നും ഭാരമായി തോന്നിയില്ല. ഈ അവസ്ഥയിലും പൗലൊസിനു പറയുവാനുള്ളത് ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുന്നതാർ (റോമർ 8:35). ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ആഴത്തെക്കുറിച്ചു മനസ്സിലാക്കിയ പൗലൊസിനും ശീലാസിനും മൗനമായിരിപ്പാൻ കഴിഞ്ഞില്ല. ഭയപ്പെടേണ്ട, ഞാൻ നിങ്ങളോടുകൂടെയുണ്ടെന്ന വാഗ്ദത്തത്തിനുടമയായ, ലോകത്തെ ജയിച്ച കഷ്ടാനുഭവങ്ങളിൽ തികഞ്ഞ ദൈവപുത്രന്റെ സാന്നിദ്ധ്യം അവർ അനുഭവിച്ചപ്പോൾ എഴുന്നേറ്റ് ദൈവത്തെ മഹത്ത്വപ്പെടുത്തി. സ്തോത്രം. നീറുന്ന വേദനയുടെ നിമിഷങ്ങളിലും സന്തോഷത്തോടെ ദൈവത്തെ സ്തുതിക്കുന്നവരുടെ വാക്കുകൾ മറ്റുള്ളവർ ശ്രദ്ധിച്ചു.  അതൊരു അത്ഭുതത്തിന്റെ രാത്രിയായി. ദൈവം തന്റെ ദാസന്മാരെ അതിശയകരമായി വിടുവിക്കുന്നു. ചങ്ങലകളിൽ നിന്നും മോചിതരായി ദൈവദാസന്മാർ പുറത്തുവന്നപ്പോൾ പേടിച്ചുവിറച്ചു കൊണ്ട് രക്ഷപ്രാപിപ്പാൻ എന്തു ചെയ്യണം എന്ന ചോദ്യവുമായി നില്ക്കുന്ന കാരാഗൃഹ പ്രമാണിയെയാണ് കണ്ടത്. എത്രയോ ധന്യമായി സുവിശേഷം പറഞ്ഞു. ആ കുടുംബം ക്രിസ്തുവിലായിത്തീർന്നു. എത്രയോ ഭാഗ്യകരമായ അവസ്ഥ. കാരാഗൃഹത്തിൽ നിന്നും പുറത്തുവന്നപ്പോൾ ചില ജീവിതങ്ങളെ ക്രിസ്തുവിനായി നേടുവാൻ കഴിഞ്ഞെന്നുമാത്രമല്ല ദൈവിക പ്രവർത്തനങ്ങളെ കൂടുതലായി മനസ്സിലാക്കുവാനും സാധിച്ചു. പ്രിയമുള്ളവരേ, സുവിശേഷം നിമിത്തം നമുക്കും കാരാഗൃഹജീവിതത്തിനു സമാനമായ അനുഭവങ്ങൾ ഉണ്ടാകാനിടയുണ്ട്. സുവിശേഷ സത്യങ്ങൾക്കായി നിലനില്ക്കുമ്പോൾ വേർപ്പെട്ടു മുന്നോട്ടു വരുമ്പോൾ, മറ്റുള്ളവരോട് സുവിശേഷം പറയുമ്പോൾ ഇങ്ങനെയുള്ള അനുഭവങ്ങളിൽ കൂടി നാമും കടന്നു പോയേക്കാം. വരുംദിവസങ്ങളിൽ കർത്താവ് അതിന് നമ്മെ അനുവദിച്ചാൽ പൗലൊസിനെയും ശീലാസിനെയുംപോലെ ധൈര്യത്തോട് കർത്താവിനെ സ്തുതിക്കാൻ കഴിയുമോ? ചിന്തിക്കുക. എങ്കിൽ പ്രതിഫലം കൊടുക്കുന്ന നാളിൽ ചില കറ്റകളുമായി കർത്താവിന്റെ സന്നിധിയിൽ നില്ക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ!

**മോളിക്കുട്ടി ചാക്കോ, കണ്ണൂർ**

# ഉടമസ്ഥന് ഉപയോഗ യോഗ്യമായ മാനപാത്രം (2 തിമൊ. 2:21)

**അ**നുദിന ജീവിതത്തിൽ സ്ത്രീകളായ നാം വിവിധതരത്തിലുള്ള പാത്രങ്ങൾ കൈകാര്യം ചെയ്യുന്നവരാണല്ലോ; അവ വീടിനകത്തും, പുറത്തും, ഷോകെയ്സിലും ഇടം പിടിച്ചിരിക്കുകയാണ്. ഈ പാത്രങ്ങളുടെ അവസ്ഥയും (സ്വഭാവവും) വ്യത്യസ്തമാണ്. ഇവ പല ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. ചിലത് വളരെ സൂക്ഷിച്ചു കൈകാര്യം ചെയ്തില്ലായെങ്കിൽ നാശം സംഭവിക്കുവാൻ സാദ്ധ്യതയുണ്ട്.

തിരുവെഴുത്തിലും നിരവധി പാത്രങ്ങളെക്കുറിച്ച് മനസ്സിലാക്കുവാൻ സാധിക്കും. അവയിൽ ചില പാത്രങ്ങളെക്കുറിച്ച് അല്പമായി ചിന്തിക്കാം.

**കുശവന്റെ പാത്രം യിരെ:18:1–7**

ഈ പാത്രത്തിന്റെ ഉടമസ്ഥാവകാശം കുശവനുള്ളതാണ്. അതിന് എത്ര രൂപത്തിൽ മാറ്റം വരുത്തുവാനും തനിക്ക് അവകാശം ഉണ്ട്. (റോമ. 9:20, 21) കുശവന് ഒരേ പിണ്ഡത്തിൽ നിന്നും മാനത്തിനും അപമാനത്തിനുമുള്ള പാത്രം ഉണ്ടാക്കുവാൻ മണ്ണിന്മേൽ അധികാരം ഉണ്ട്. ഇപ്രകാരം ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരായ നാം ദൈവകരങ്ങളിൽ കുശവന്റെ പാത്രം പോലെയാണ്. ഒരു ഗാനരചയിതാവ് രചിച്ചിരിക്കുന്നത് വളരെ ശ്രദ്ധേയമാണ്.

"കുശവൻ കുഴച്ചതാം മണ്ണാണു ഞാൻ
കുടമോ, കൂജയോ തൻ നിശ്ചയം
വക്കുടഞ്ഞാലും വളഞ്ഞൊടിഞ്ഞാലും
വല്ലഭൻ തൊട്ടതാം മണ്ണല്ലയോ" എന്നാണ്. നാം ദൈവത്തിന് ഉപയോഗമുള്ള മാനപാത്രമാകുവാൻ ദൈവിക കരങ്ങളിൽ ഏല്പിച്ചുകൊടുക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

**കല്പാത്രം യോഹ. 2:6**

ഈ പാത്രത്തിന്റെ സ്ഥാനം വീടിനു വെളിയിലാണ്, വൃത്തിഹീനമായതാണ്. പുറത്തുള്ള ആവശ്യത്തിനായി ഉപയോഗിച്ചിരുന്നു. യേശു കർത്താവ് തന്റെ അടയാളങ്ങളുടെ ആരംഭമായി കാനാവിലെ കല്യാണവീട്ടിൽ വെള്ളം വീഞ്ഞാക്കി ദൈവിക മഹത്ത്വം വെളിപ്പെടുത്തിയ സമയത്ത് അതിന്റെ ആവശ്യത്തിനായി തിരഞ്ഞെടുത്തത് വെളിയിൽ വച്ചിരുന്നതും ശുദ്ധിയില്ലാത്തതുമായ ഈ കല്പാത്രത്തെയാണ്. കർത്താവിന്റെ നോട്ടം ഇതിന്മേൽ വന്നപ്പോൾ (ശുശ്രൂഷക്കാർ തന്റെ വാക്ക് അനുസരിച്ച നിമിഷത്തിൽ) തന്നെ ഈ പാത്രം

ശുദ്ധീകരിക്കപ്പെട്ടതായിത്തീർന്നു. തന്മൂലം ഈ പാത്രത്തിന് ഉടമസ്ഥന്റെ കലവറയിലേക്ക് പ്രവേശനവും ലഭിച്ചു. അതിൽ നിറയ്ക്കപ്പെട്ടതായ വെള്ളം അനേകർക്കു രുചിപ്രദമായ വീഞ്ഞായി പകരപ്പെടുവാനും ഇടയായി.

ആദ്യമാതാപിതാക്കൾ കല്പന ലംഘിച്ചതിനാൽ ശപിക്കപ്പെട്ടവരായി ഏദൻതോട്ടത്തിനു വെളിയിലാക്കപ്പെട്ടു (ഉൽപ. 3:23) ആദാമ്യ പാപത്തിനടിമകളായ നമ്മെ അവന്റെ രക്തത്താൽ വീണ്ടെടുത്തു ദൈവമക്കളായി തീർത്തു. (1 പത്രൊ.1:18, 1 യോഹ. 1:7) തുടർന്ന് സ്വർഗ്ഗീയ മണിയറയിലേക്ക് എന്നേക്കുമുള്ള പ്രവേശനവും സാധിച്ചുതന്നിരിക്കയാൽ സ്തോത്രം (എഫെ. 2:4-7, കൊലൊ. 1:1-3) ഈ അനുഭവത്തിലായവരായ നാം പുതുക്കപ്പെട്ടവരായി ഉടമസ്ഥനു ഉപയോഗമുള്ള മാനപാത്രമായി ജീവിക്കേണ്ടതാണ്. കൂടാതെ നമ്മുടെ വാക്കുകൾ മറ്റുള്ളവർക്ക് രുചിപ്രദമായിരിക്കേണ്ടതാണ് (എഫെ. 4:29, 30, കൊലൊ. 4:6) "കേൾക്കുന്നവർക്കു കൃപ ലഭിക്കുന്നതും ആത്മീയവർദ്ധനയ്ക്കായുള്ള നല്ല വാക്ക് ആയിരിക്കയും, കൃപയോടുകൂടിയതും ഉപ്പിനാൽ രുചിവരുത്തുന്നതുമായ വാക്കുകൾ ആയിരിക്കേണ്ടതാണ്.

**തിരഞ്ഞെടുക്കപ്പെട്ട പാത്രം അപ്പൊ. പ്രവൃ 9:15**

ദമസ്ക്കോസിലുള്ള ക്രിസ്തുമാർഗ്ഗക്കാരെ പിടിച്ചുകെട്ടി യെരുശലേമിലേക്കു കൊണ്ടുവരാനായി അധികാരപത്രവുമായി വന്ന ശൗലിനെക്കുറിച്ച് യേശു കർത്താവു പറയുന്ന വാക്കാണിത്. "അവൻ എന്റെ നാമം ജാതികൾക്കും, രാജാക്കന്മാർക്കും യിസ്രയേൽമക്കൾക്കു മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നൊരു പാത്രമാകുന്നു എന്നാണ്. യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവമക്കൾ ലോകസ്ഥാപനത്തിനു മുമ്പേ തിരഞ്ഞെടുക്കപ്പെട്ടവരാണ്. (എഫെ. 1:4) നാം വിശുദ്ധരും നിഷ്കളങ്കരുമായി ജീവിക്കേണ്ടതിനാണ് തിരഞ്ഞെടുത്തത്. തിരഞ്ഞെടുക്കപ്പെട്ടവർക്ക് ദൈവം ചില ദൗത്യം ഭരമേല്പിച്ചിട്ടുണ്ട്. (യോഹ.15:16) പോയി ഫലം കായ്ക്കുക, നിലനില്ക്കുന്ന ഫലം കായ്ക്കുക (1 പത്രൊ. 2:9). വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിച്ച് അനേകരെ ക്രിസ്തുവിങ്കലേക്കു നയിക്കുക എന്നുള്ളതാണ് (മത്താ. 28:18,19). കർത്താവിനാൽ തിരഞ്ഞെടുക്കപ്പെട്ട ശൗൽ (പൗലൊസ്) ഉടമസ്ഥനു ഉപയോഗമുള്ള മാനപാത്രമായി പ്രവർത്തിച്ചത് അപ്പൊസ്തല പ്രവൃത്തിയിലുള്ള തന്റെ 3 മിഷനറിയാത്രകളെക്കുറിച്ച് പഠിക്കുമ്പോൾ വ്യക്തമായി മനസ്സിലാക്കാം.

**ബലഹീന പാത്രം**

1 പത്രൊ. 3:7 അപ്പൊസ്തലനായ പത്രൊസ് സ്ത്രീകളെക്കുറിച്ചു പറയുന്ന വാക്കാണ് സ്ത്രീജനം ബലഹീനപാത്രം ജീവന്റെ കൃപയ്ക്ക് കൂട്ടവകാശികളാണെന്നുമാണ്. എപ്പോഴും തെറ്റിപോകാൻ സാദ്ധ്യതയുള്ളവരാകയാലാണ് ബലഹീനപാത്രം എന്നു പറഞ്ഞിരിക്കുന്നത്. ഹവ്വയുടെ ജീവിതത്തിലൂടെ ഇതു വ്യക്തമാണ്. എന്നാൽ തെറ്റിപോകുവാൻ കാരണം സ്ത്രീകൾക്ക്

വചനം പഠിച്ച് പരിജ്ഞാനത്തിൽ നിലനില്ക്കുവാൻ കഴിയുന്നില്ല എന്നുള്ള താണ് (2 തിമെ. 3:7). ഒരു ചിന്തകൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഉടഞ്ഞ തിനെ ഉപേക്ഷിക്കുന്നതാണ് മനുഷ്യന്റെ ശീലം എന്നാൽ ഉടഞ്ഞതിനെ ഉപയോഗ യോഗ്യമായ മാനപാത്രമായി മാറ്റുവാനാണ് ദൈവത്തിനിഷ്ടം. ആക യാൽ ബലഹീനപാത്രമായ നമ്മെ ബലമുള്ളവനായ ദൈവത്തിന്റെ കരങ്ങളി ലേല്പിക്കുമ്പോൾ ഉടമസ്ഥനു ഉപയോഗമുള്ള മാനപാത്രമായി തീർക്കുവാൻ സാധിക്കും.

**ഉദാ: ശമര്യസ്ത്രീ:** ശമര്യരെക്കുറിച്ച് ഇഷ്ടമില്ലാത്ത പാത്രം എന്നാണ് ഹോശ:8:8-ൽ പറഞ്ഞിരിക്കുന്നത്. ശമര്യസ്ത്രീ ക്രിസ്തുവിനെ യഥാർത്ഥമായി മനസ്സിലാക്കി ഹൃദയത്തിൽ അംഗീകരിച്ച നിമിഷത്തിൽ അവൾക്കു രൂപാന്തരം ഉണ്ടായി. തന്റെ ഭൗതിക ആവശ്യത്തിനായി കൊണ്ടുവന്ന പാത്രം ഉപേക്ഷിച്ച് താൻ മനസ്സിലാക്കിയ ക്രിസ്തുവിനെക്കുറിച്ച് സാക്ഷിക്കുവാനായി ധൈര്യ ത്തോടെ ഇറങ്ങിത്തിരിക്കുന്നത് പ്രത്യേകം ശ്രദ്ധേയമാണ് (യോഹ. 4:39). ഇഷ്ട മില്ലാത്ത പാത്രമായിരുന്നവൾ ഉടമസ്ഥനു ഉപയോഗമുള്ള മാനപാത്രമായി മാ റിയത് ചിന്തനീയമാണ്.

ഒരു സ്ത്രീയെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ ഈ ലോകത്തിൽ ഒരു മകളായി ജനിക്കുന്നു. തുടർന്ന് സഹോദരി, ഭാര്യ, അമ്മ, മരുമകൾ, അമ്മാവിയമ്മ, മുത്തശ്ശി.... എന്നിങ്ങനെ വിവിധ നിലയിലുള്ള ഉത്തരവാദിത്തങ്ങൾ നിറവേറ്റേ ണ്ടവരാണ്. ഈ കടമകൾ നാം കുടുംബത്തിലും, ഏറ്റെടുത്തിരിക്കുന്ന ജോലി യോടുള്ള ബന്ധത്തിലും ദേശത്തിലും സമൂഹത്തിലും സഭയിലുമുള്ള ഉത്തര വാദിത്തങ്ങൾ വിശ്വസ്തതയോടെയും വിശുദ്ധിയോടും നിഷ്കളങ്കതയോടും നിർവഹിക്കുമ്പോഴാണ് ഉടമസ്ഥനു ഉപയോഗമുള്ള മാനപാത്രമായിതീരുവാൻ സാധിക്കുന്നത്. അതിനായി ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

മാനപാത്രം ഉടമസ്ഥനു ഉപയോഗമുള്ളതായി തീരുവാൻ നാം വിട്ടു കളയേണ്ടതും സ്വീകരിക്കേണ്ടതുമായ കാര്യങ്ങൾ ഈ അദ്ധ്യായത്തിൽ വ്യക്ത മായി ഓർമ്മപ്പെടുത്തുന്നുണ്ട്.

2 തിമൊ. 2-ാം അദ്ധ്യായത്തിൽ വിശ്വാസിയെക്കുറിച്ച് പറഞ്ഞിരിക്കുന്ന ആലങ്കാരിക പദങ്ങളിലൊന്നാണ് മാനപാത്രം. (കാര്യസ്ഥൻ, വിശ്വസ്തർ) 2:1,2, നല്ല ഭടൻ 2:3, പടയാളി 2:3 അദ്ധ്വാനിക്കുന്ന കൃഷിക്കാരൻ 2:5, വേലക്കാരൻ 2:15, മാനപാത്രം 2:21). പാത്രത്തെ സ്വന്ത ശരീരത്തോട് ഉപമിച്ചിരിക്കുന്നു. (1 തെസ്സ 4:4). രക്ഷിക്കപ്പെട്ട ഓരോ വ്യക്തിയും ക്രിസ്തുവിന്റെ മാനപാത്രമാണ്.

**മാനപാത്രമാകുവാൻ നാം വിട്ടുകളയേണ്ടത് 1 തിമൊ. 2:14**

1. കേൾക്കുന്നവരെ മറിച്ചു കളയുന്നതിനല്ലാതെ ഒന്നിനും കൊള്ളാത്ത വാഗ്വാദം ചെയ്യാതിരിക്കുക (1 തിമൊ. 1:3, എഫെ.4:29).

2. ഭക്തിവിരുദ്ധമായ വ്യർത്ഥാലാപങ്ങളെ ഒഴിഞ്ഞിരിക്കുക 2:16. ഇതുമൂലമുള്ള ദോഷം വളരെ വലുതാണ്. അത് അർബുദ വ്യാധിപോലെ തിന്നുകൊണ്ടിരിക്കും എന്നാണ് ഇവിടെ കാണുന്നത് (2 തിമൊ. 3:5,6).
3. എല്ലാ അനീതിയും വിട്ടകലുക എന്ന് മുദ്രയായി ഉറപ്പായി പറയുന്നു. (2തിമൊ. 2:19, 3:1-5, എഫെ. 5:3,4).
4. യൗവ്വന മോഹങ്ങളെ വിട്ടോടുക. (2 തിമൊ. 2:22, 1 തിമൊ. 4:12, ഗലാ. 5:24).
5. മൗഢ്യ തർക്കം ഒഴിഞ്ഞിരിക്കുക (2 തിമൊ. 2:23, തീത്തോ. 3:9) ഈ വക കാര്യങ്ങളെ ഉപേക്ഷിച്ച് (ഇവയെ വിട്ടകന്ന്) ഉടമസ്ഥനുപയോഗപ്രദമായ മാനപാത്രമാകുവാൻ ഉത്സാഹിക്കാം.

**സ്വീകരിക്കേണ്ടതായ കാര്യങ്ങൾ**

1. വചനത്താൽ നമ്മെ തന്നെ വിശുദ്ധീകരിക്കുക. (2 തിമൊ. 2:21, 1 തിമൊ. 4:5).
2. സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ദൈവത്തിന് കൊള്ളാകുന്നവരായി നില്ക്കുക (യോഹ. 15:3).
3. വിശ്വാസികൾ കൃപയാൽ ശക്തിപ്പെടുക. (2 തിമൊ. 2:2, എഫെ. 6:10-18).
4. തന്നെത്താൻ വെടിപ്പാകുവാൻ വേർപാടു ജീവിതം നയിക്കുക. (2 തിമൊ. 2:22. സങ്കീ. 1, സങ്കീ. 15).
5. പിശാചിനാൽ പിടിപെട്ടു പോകാതെ പ്രാർത്ഥനാജീവിതമുള്ളവരായിരിക്കുക. (2 തിമൊ. 2:26, എഫെ. 6:11, യാക്കോ. 4:7).

ഇപ്രകാരം വിട്ടുകളയേണ്ടതിനെ ഉപേക്ഷിച്ചും സ്വീകരിക്കേണ്ടതിനെ സ്വീകരിച്ചുംകൊണ്ട് ഉടമസ്ഥന് ഉപയോഗയോഗ്യവും വിശുദ്ധവുമായ മാനപാത്രമായിത്തീരുവാൻ സർവ്വശക്തൻ നമ്മെ സഹായിക്കുമാറാകട്ടെ.

**സാറാമ്മ ശശി, കവിയൂർ**

---

*പേജ് 4 ന്റെ തുടർച്ച (നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തത്...)*

വെളിച്ചത്തെ ഇരുട്ടും ആക്കുകയും കയ്പിനെ മധുരവും, മധുരത്തെ കയ്പും ആക്കുന്ന ഒരു ലോകത്തിലാണു നാം ജീവിക്കുന്നത്. നന്മതിന്മകളെ തിരിച്ചറിയുവാനുള്ള ബുദ്ധി ദൈവം നമുക്കു നല്കീട്ടുമുണ്ട്. പക്ഷെ തിന്മകൾ ചെയ്യുവാനും അവയിൽ ആഹ്ലാദം കണ്ടെത്തുവാനുമുള്ള തത്രപ്പാടിലാണ് ഇന്ന് ലോകം വന്നെത്തിയിരിക്കുന്നത്. തിന്മ ചെയ്യുന്നവർക്കുള്ള ന്യായവിധി അതികഠിനമായിരിക്കും എന്ന മുന്നറിവു ദൈവം നല്കിക്കൊണ്ടാണിരിക്കുന്നത്. നന്മ ചെയ്താൽ ലഭിക്കുന്ന പ്രതിഫലം നിത്യതയോളം നിലനില്ക്കുന്നവയാകുന്നു. ആകയാൽ ആവോളം നന്മ ചെയ്തു ജീവിപ്പാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ.

*"There is nothing more beautiful*
*Than a person that goes out of*
*Their way to make life beautiful for others" Amen.*

**എൽസി ബേബി, ന്യൂയോർക്ക്**

# യോഗ്യമായ വേഷം

**സ്ത്രീകൾ യോഗ്യമായ വേഷം ധരിക്കണം (വേദപുസ്തകം)**

**വേ**ർപെട്ടവരുടെ വേഷം യോഗ്യമായിരിക്കണം. ഭാരതീയരുടെ ദേശീയവേഷം ഏതെന്നറിയുവാൻ യാതൊരു നിർവ്വാഹവുമില്ല. രാത്രിവേഷം ഉണ്ട്. ചുരിദാറുണ്ട്. സാരിയുണ്ട്. സാരി മാത്രമുള്ള കാലമായിരുന്നുവെങ്കിൽ സാരിയെന്നു പറയാമായിരുന്നു. ഇന്നത് സാദ്ധ്യമല്ല. കാലം പുരോഗമിച്ചതോടുകൂടി വേഷവും മാറിത്തുടങ്ങി. ഏറ്റവും കുറച്ചുവേഷം അല്ലെങ്കിൽ മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചു പറ്റുന്നതായ വേഷങ്ങൾ. ആന മെലിഞ്ഞാലും എരുത്തിലിൽ കെട്ടുമോ? സ്ത്രീകൾ പണ്ടു യോഗ്യമായി സാരി ധരിച്ചിരുന്നില്ലെങ്കിൽ മറ്റുള്ളവർ കളിയാക്കുമായിരുന്നു. ഇപ്പോൾ അതൊക്കെ മാറിപ്പോയിരിക്കുന്നു.

അമേരിക്കയെപ്പോലുള്ള പരിഷ്കൃത രാജ്യങ്ങളിൽ വിവാഹം, ഞായറാഴ്ച ആരാധന, മരണം മുതലായ സന്ദർഭങ്ങൾക്കു 'ഫോർമൽ' (ആചാരനുസൃതമായ) വേഷം ധരിക്കണമെന്നു നിർബ്ബന്ധമുണ്ട്. എന്നാൽ ഇപ്പോൾ കേരളീയരുടെ ദേശീയവേഷം ഏതാണ്? നറുക്കിട്ടെടുക്കണമെന്ന് വന്നിരിക്കുന്നു. ചോദിച്ചാൽ പറയും ശരീരം മറഞ്ഞു കിടക്കുന്നതാണ് 'ഫോർമൽ' വേഷമെന്ന്. അങ്ങനെയെങ്കിൽ രാത്രിവേഷവും ആകാമല്ലോ? സാരിയുടെ ഭംഗി തിരിച്ചറിയാൻ വയ്യാത്തവർക്ക് ഏതുമാകാം. ഭാരതത്തിലെ പെൺകുട്ടികളെ വിവാഹത്തിനു കൊണ്ടുപോകുമ്പോൾ സാരി ധരിപ്പിക്കുന്നത് എന്തിനാണ്? ഒരു രാത്രിവേഷമോ, ചുരിദാറോ പാന്റ്സോ എന്തെങ്കിലും പോരായോ? കല്യാണം നടക്കുകയില്ലേ? 'ഫോർമൽ' വേഷം ധരിക്കണമെന്നു നിഷ്കർഷയുള്ളതുകൊണ്ടാണ്. അതുപോലെ വിവാഹത്തിൽ പങ്കെടുക്കാൻ ചെല്ലുന്ന അതിഥികളും ഉചിതമായ വേഷം ധരിക്കുന്നു. ചുരിദാർ ധരിച്ചാൽ തന്നെയും ഒരു വശത്തു ഷോളിട്ടല്ല ചുരിദാറു ധരിക്കേണ്ടത്.

ഞാൻ തിരുവനന്തപുരത്ത് സ്ഥിരതാമസമാക്കിയത് എന്റെ യൗവ്വനകാലത്തു തന്നെയാണ്. അന്നു പകൽ സമയത്തു രാത്രിവേഷം ധരിച്ചു ഞാൻ പുറത്തിറങ്ങുകയില്ലായിരുന്നു. ഇപ്പോൾ പ്രായമായപ്പോൾ, ടെലിഫോൺ വിളിച്ചു മുൻകൂർ അറിയിക്കാതെ വന്നാൽ എന്നെ രാത്രിവേഷത്തിൽ കണ്ടെന്നിരിക്കാം. അതും ശരിയായ ഒരു ഒഴികഴിവാണെന്നു പറയാൻ പ്രയാസം. പകലും വീട്ടിൽ സാരി ധരിക്കുന്നതാണ് അഭികാമ്യമെന്നാണെന്റെ അഭിപ്രായം. വീട്ടിൽ സ്ത്രീകൾ ചുരിദാർ ധരിച്ചാലും കല്യാണം, മരണം, സഭാരാധന അങ്ങനെ ജനങ്ങൾ കൂടുന്നിടത്ത് സാരിയാണ് സ്ത്രീകൾക്കു അനുയോജ്യമായ വേഷം. ഇന്നു വേഷത്തിൽ പോലും ക്രിസ്ത്യാനിയാണെന്നു നാലുപേർ അറിയുവാൻ നിവൃത്തിയില്ല. പണ്ടുകാലത്ത് സ്ത്രീകളുടെ മുണ്ടും ചട്ടയുമെങ്കിലും അതു വിളിച്ചറിയിക്കുമായിരുന്നു. ആ കുലീനത്വം ഇന്നു നഷ്ടപ്പെട്ടിരിക്കുന്നു. ഇന്നു

ക്രിസ്ത്യാനിയും കണ്ണുമെഴുതി പൊട്ടും തൊട്ട് കരിവളയും കിലുക്കി അക്രൈസ്തവ വനിതകളുമായി താദാത്മ്യം പ്രാപിച്ചിരിക്കയാണ്. എല്ലാവരെയും കണ്ടാൽ ഒരുപോലെയായിട്ടുണ്ട്. (സൊസൈറ്റി ലേഡീസ് ആണ് ഇവർ)

സ്കൂളിലോ കോളജിലോ പഠിക്കുന്ന പെൺകുട്ടികൾ ചുരിദാർ ധരിക്കുന്നതിനെക്കുറിച്ചല്ല നമ്മുടെ പരാമർശനം. എന്നാൽ വിവാഹിതരും അമ്മയെക്കാൾ വലിയ മക്കൾ ഉള്ളവരെയും കുറിച്ചാണ്. ആ അമ്മയും മകളും ഒരേ വേഷത്തിലിറങ്ങിയാൽ അമ്മയേതാണ്, മകളേതാണ് എന്നു തിരിച്ചറിയാൻ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന വേഷവിധാനം അഭിലഷണീയമല്ല. ഇപ്പോൾ ബ്ലൂ ജീൻസ് ഒരു സാധാരണ വേഷമാണ്. അതും ശരീരത്തിന്റെ ആകൃതി തനിരൂപത്തിൽ കാണിക്കുന്ന ഏറ്റവും ഇറുകിയിരിക്കുന്ന വേഷം. ബ്ലൂ ജീൻസ് ധരിക്കണമെന്നു നിർബ്ബന്ധമാണെങ്കിൽ അല്പം അയവുള്ളതു ധരിച്ചാൽ സ്വാതന്ത്ര്യമായി നടക്കാമല്ലോ? അങ്ങനെയുള്ള വേഷങ്ങൾ പെൺമക്കൾക്കു വാങ്ങിക്കൊടുക്കുന്ന അപ്പനമ്മമാർ സൂക്ഷിക്കണം. വസ്ത്രം ധരിക്കുന്നതിന്റെ മാന്യത നഷ്ടപ്പെടുത്തുന്ന വേഷങ്ങൾ പെൺമക്കളെ ധരിപ്പിക്കരുത്. അതുപോലെതന്നെ ദേഹം മറഞ്ഞു കിടക്കുന്നതു യോഗ്യമായ വേഷമെന്നു വ്യാഖ്യാനിക്കുന്ന പാസ്റ്റേഴ്സ് ആണ് ഇപ്പോൾ കൂടുതലുള്ളത്. നോർത്ത് ഇൻഡ്യയിൽ ചെന്നാൽ ഗുജറാത്തി പുരുഷന്മാർ ഒരു മുണ്ട് ഉടുത്തിട്ട് ഒരു തുമ്പെടുത്തു താറുപോലെ പിറകിൽ കുത്തും. ഒരു റ്റോപ്പും ഇടും അതും ഇപ്പോഴത്തെ ചുരിദാറും ഒരുപോലിരിക്കും (അതാണ് ചുരിദാർ). പാന്റ്സിന്റെ ഒരു കാലിൽ പത്തിൽ കുറയാത്ത പോക്കറ്റും പോക്കറ്റിൽ നിന്നും വാലുകളും തൂക്കിയ പാന്റ്സും പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ട്. വിശ്വാസികളായ യുവതീയുവാക്കൾ അതൊന്നും ധരിച്ച് അമാതൃകയായി ജീവിക്കരുത്. പാസ്റ്റേഴ്സിന്റെ ഭാര്യമാർ പോലും പള്ളിയിൽ വസ്ത്രധാരണത്തിൽ മാതൃക കാണിക്കുന്നില്ല എന്ന വിമർശനം സർവ്വസാധാരണമായിരിക്കുന്നു. വ്യായാമത്തിനോ ചന്തയിലോ ഒക്കെ പോകുന്ന വേഷത്തിലാണു പള്ളിയിലും പോകുന്നത്. പള്ളിയിൽ എങ്കിലും സാരി ധരിക്കരുതോ? ഇടയൻ ഇങ്ങനെയെങ്കിൽ ഇടയൻ നയിക്കുന്ന ആടുകളുടെ സ്ഥിതി ഊഹിക്കാവുന്നതേയുള്ളൂ.

ഒരു വ്യക്തിയുടെ സൗന്ദര്യം നിശ്ചയിക്കുന്നത് ആകെപ്പാടെയുള്ള ശരീരത്തിന്റെ ബാഹ്യരൂപം, മുഖത്തിന്റെ ഭംഗി മുതലായവ കണക്കിലെടുത്താണ്. അല്ലാതെ പുറം കാണിച്ചല്ല. പുറം കാണിക്കുന്നതു കൊണ്ട് സൗന്ദര്യം ഒട്ടു വർദ്ധിക്കുന്നുമില്ല. ഒരു വിശ്വാസി വനിതയുടെ പുറം ഇങ്ങനെ മൈതാനമാക്കി പ്രദർശിപ്പിക്കുന്നത് ശരിയല്ല. നമ്മുടെ വേഷം യോഗ്യമായിരിക്കണം. പുറമെയുള്ളതല്ല നിങ്ങളുടെ സൗന്ദര്യമെന്ന് വേദപുസ്തകം പറയുന്നു. വേദപുസ്തകം അനുശാസിക്കുന്നത് എല്ലാ വിശ്വാസികൾക്കും ബാധകമാണ്. കർത്താവിന്റെ വേലയ്ക്കായി സമർപ്പിച്ചവർ മാത്രം ഇതൊക്കെ പാലിച്ചാൽ മതി, മറ്റു വിശ്വാസികൾക്കു എങ്ങനെയും ആകാം എന്നു ചിലർക്കെങ്കിലും ധാരണയുണ്ടെന്നറിയാം. വേദപുസ്തകത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എല്ലാ വിശ്വാസികളും

അതേപടി പാലിക്കണമെന്നാണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. 'തങ്ങളെത്തന്നെ വെടിപ്പും നിഷ്കളങ്കയുമായി മുൻനിർത്തണം കറ, ചുളുക്കം, വാട്ടം, മാലിന്യം ഒന്നുമില്ലാതെ വേണം കർത്താവിന്റെ മണവാട്ടി നില്ക്കേണ്ടത്'. **രക്ഷിക്കപ്പെട്ട എല്ലാവരും കർത്താവിന്റെ മണവാട്ടിയാണെന്നു ഓർക്കുക.**

ആരാധനാലയങ്ങൾക്കുള്ളിലും അനുയോജ്യമല്ലാത്ത ചില പ്രവണതകൾ ഈ നാളുകളിൽ കണ്ടുവരുന്നു. ചില സഹോദരിമാർ തല മുണ്ഡനം ചെയ്തും ബ്ലൗസിന്റെ പുറം ഇറക്കി വെട്ടിയും തലയിൽ തുണി ഇടാതെയും കൈകൾ രണ്ടും പൊക്കി ആടി ആടിയാണ് ആരാധിക്കുന്നത്. സ്ത്രീ തല മൂടണമെന്ന് വേദപുസ്തകം പറയുന്നത് ചെയ്യാൻ ഇക്കൂട്ടർക്കു വയ്യാ. വിശുദ്ധ കൈകൾ ഉയർത്തി പ്രാർത്ഥിക്കുവാൻ പുരുഷന്മാരോടാണ് പറഞ്ഞിരിക്കുന്നത്. അനുവദിക്കാത്ത കാര്യങ്ങൾ ചെയ്യാൻ എന്തൊരു ഉത്സാഹം! അക്രൈസ്തവർക്കു മനുഷ്യനെ ശങ്കയും ദൈവത്തെ ഭയവും ഉണ്ട്. പക്ഷേ വിശ്വാസിക്ക് അതില്ല. ചെയ്യരുതെന്നു പറയുന്നതു ചെയ്യുവാനും ചെയ്യാൻ പറയുന്നതു ചെയ്യാതിരിക്കാനുമുള്ള പ്രവണതയാണ് അവർക്കുള്ളത്. സ്ത്രീകൾ എപ്രകാരമാണ് സ്വയം അലങ്കരിക്കേണ്ടതെന്ന് 1 തിമൊഥെ 2:6 മുതൽ വിവരിച്ചിട്ടുണ്ട്.

ഭാരതത്തിലെ സ്ത്രീകൾക്കു ബ്ലൗസിന്റെ മുൻവശവും തുറന്നിടുവാൻ അനുമതി ഉണ്ടായിരുന്നെങ്കിൽ അതു നടപ്പാക്കാൻ വിശ്വാസികൾ മുമ്പേ കാണുമായിരുന്നു. അമേരിക്കൻ സമൂഹത്തിനു അതു സ്വീകാര്യമാണ്. പുരുഷനെയാണെങ്കിൽ പോലീസ് പിടിച്ചു കൊണ്ടു പോകും. സ്ത്രീകൾക്കു ശരീരത്തിന്റെ ചില ഭാഗങ്ങൾ അല്പം മറഞ്ഞിരുന്നാൽ മതിയാവും. സോദോം ഗൊമോറയെ നശിപ്പിച്ച ദൈവത്തിന്റെ മുമ്പിലാണ് ഇത്തരം അഴിഞ്ഞാട്ടങ്ങൾ. ചുരിദാർ ധരിക്കാൻ എളുപ്പമാണെന്നല്ലേ? അങ്ങനെയെങ്കിൽ പർദ്ദയല്ലേ അതിലും എളുപ്പം? പോരെങ്കിൽ ഒരെണ്ണം എടുത്തിട്ടാൽ മതിയാവും. ചുരിദാറിന്റെ റ്റോപ്പും വേണ്ടാ, ബോട്ടവും വേണ്ടാ, ഷോളും വേണ്ട.

ജീൻസിടുന്നവർ കാൽമുട്ടു കീറിയതും വെളുമ്പു തുന്നാത്തതും നൂൽ ഇളകിത്തൂങ്ങിക്കിടക്കുന്നതും ഒക്കെ ധരിച്ച് ഒരുമാതിരി ഹിപ്പിസ്റ്റൈലിൽ വിലസുന്നു. സുവിശേഷകന്മാരുടെ മക്കളും കൊച്ചുമക്കളും ഇക്കാര്യത്തിൽ ഒട്ടും പിന്നോക്കമല്ല. ചില പള്ളികളിൽ പാന്റ്സ് അനുവദിക്കയില്ല. അതുപോലെ ചില സ്കൂളുകളും അനുവദിക്കയില്ല. കേരളത്തിലെ അനേക സ്കൂളുകളിൽ അദ്ധ്യാപകർ സാരി ധരിക്കണമെന്നു നിർബ്ബന്ധമുണ്ട്. ഒരു ഭവനത്തിൽ വീട്ടുജോലിക്കു നില്ക്കുന്ന ഒരു കുട്ടി അടുത്തയിടെ ഞങ്ങളുടെ ഭവനത്തിൽ വന്നിരുന്നു. അവൾ ആയിരിക്കുന്ന വീട്ടിലെ ഒരു പെൺകുട്ടി സ്കൂൾ ടീച്ചറാണ്. അവരുടെ സ്കൂളിലെ അദ്ധ്യാപകർ സാരി ധരിക്കണമെന്ന് നിയമമുണ്ട്. അങ്ങനെയുള്ള പല സ്കൂളുകളും ഉള്ളപ്പോൾ നമ്മുടെയൊക്കെ സഭകൾക്കും പള്ളികൾക്കും എന്തു സംഭവിച്ചുവെന്നുള്ള ചോദ്യം ഉയരുന്നു. (അമ്മമാർ ചിന്തിക്കുക)

സ്ത്രീകൾക്കു ഏറ്റവും അനുയോജ്യമായ വേഷം സാരി തന്നെ. സാരിയുടെ ചാരുത പലർക്കും അറിഞ്ഞുകൂടാ. മറ്റുള്ളവരുടെ ലൈംഗികതയെ ഉണർത്തുന്ന വേഷങ്ങൾ ഒരു ക്രൈസ്തവ വനിതയ്ക്കു ചേർന്നതല്ല. ഒരു സ്ത്രീ പ്രശംസിക്കപ്പെടുന്നത് അവളുടെ വേഷഭൂഷാദികൾ കണ്ടിട്ടല്ല. ഇതു റഷ്യയല്ല, ഹംഗറിയല്ല, അമേരിക്കയല്ല. ഇതു തനി കേരളമാണ്. നമ്മുടെ കേരളത്തിന്റെ മഹിമ പുലർത്തുവാൻ സാരി ധരിക്കുകയാണ് അഭികാമ്യം.

കേരളീയരുടെ ദേശീയ വേഷമാണ് സാരി. നാം ദേശസ്നേഹികളായിരിക്കുക. ദേശത്തെ ബഹുമാനിക്കുക. കുലീനത്ത്വം കാത്തു സൂക്ഷിക്കുക. വിശ്വാസിയുടെ വിളിയും തെരഞ്ഞെടുപ്പും ഉറപ്പു വരുത്തുക. ക്രിസ്തുവിന്റെ മണവാട്ടിക്കു യോജിച്ച വേഷം ധരിക്കുക. (അമേരിക്കനൈസ്ഡ് ഇൻഡ്യക്കാരുടെ കാര്യമല്ല ഇവിടെ പ്രതിപാദിക്കുന്നത്. അവർ ഏറ്റവും കുറച്ചു വസ്ത്രം ധരിക്കുവാൻ ആഗ്രഹിക്കുന്നവരാണ്). കേരളക്കാരുടെ കാര്യമാണ് എന്റെ വിഷയം. 'ഇന്ത്യയിലെ ജനപ്രിയ സാഹിത്യത്തിന്റെ മഹാറാണി' യെന്നു വിശേഷിപ്പിക്കപ്പെടുന്ന മഹാരാഷ്ട്രക്കാരി ശോഭാ ഡേയുടെ കഴിഞ്ഞ കേരളസന്ദർശനവേളയിൽ താൻ പറഞ്ഞത് ഇപ്രകാരമാണ്. "കേരളസ്റ്റൈൽ സാരിയുടെ ഭംഗി കണ്ടപ്പോൾ അതു ധരിക്കണമെന്നു മോഹം. കേരളീയരുടെ തനതു വസ്ത്രങ്ങൾക്ക് എന്തൊരു ചാരുതയാണ്. സാരിയോ? അതെന്തൊരു വേഷം എന്ന ത്ഭുതപ്പെടുന്ന തലമുറയാണ് ഇന്നത്തേത്. സാരിയുടുത്ത എന്നോട്, 'പ്ലീസ് ടെൽ അസ് വിച്ച് കോസ്റ്റ്യൂം യൂ ആർ വെയറിംഗ്' (നിങ്ങൾ ധരിച്ചിരിക്കുന്ന വേഷം എന്താണെന്നു പറയുമോ) എന്നു ചോദിച്ചിട്ടുള്ളവരെ എനിക്കറിയാം". (സെപ്ത. 21, 2008 മനോരമ) "കുരുമുളകു കണ്ടപ്പോൾ നീഗ്രോയെ പൊടിച്ചിട്ട പോലെ കറുത്തുരുണ്ട് ഉരുണ്ട ഈ സാധനത്തിന്റെ പേരെന്താണ്" എന്ന് ചോദിച്ച മലയാളിയെയാണു ഓർമ്മയിൽ വരുന്നത്.

ഉത്ഭവം ആരും ചിന്തിക്കുന്നില്ല. "നേരം നോക്കണം, നില നോക്കണം, എന്നേ നോക്കണം, നിന്നെ നോക്കണം". വലിയ വലിയ സുവിശേഷകന്മാരുടെ മക്കളും കൊച്ചുമക്കളും ചിന്തിക്കണം. നാം എവിടെ നിന്നു വന്നു. എവിടേക്കു പോകുന്നുവെന്ന്. ഇതെഴുതുന്നത് എന്റെ തലമുറകൾക്കു കൂടിയാണ്. പിമ്പിലുള്ളതു മറന്ന് മുമ്പിലുള്ളതിലേക്കു ആഞ്ഞുകൊണ്ട് ഓടണം എന്നു കരുതി മാതാവിനെയും പിതാവിനെയും മറക്കരുത്. ഇന്നത്തെ വിവരം ഇല്ലാത്ത തലമുറയെക്കുറിച്ചല്ല പറഞ്ഞിരിക്കുന്നത്. ദൈവവചനത്തിനനുസൃതമായി നാം ജീവിച്ചില്ലെങ്കിൽ ദൈവശിക്ഷ നിശ്ചയമായും വരും. അതു അമേരിക്കയെന്നോ ആസ്ട്രേലിയായെന്നോ ഇൻഡ്യയെന്നോ വ്യത്യാസം ഇല്ലാതെ ദൈവം ശിക്ഷിക്കും. ദൈവം ചെയ്യുമെന്നു പറഞ്ഞാൽ ചെയ്യും. വാക്കു മാറുന്ന ദൈവമല്ല. അമേരിക്കയിൽ ജീവിച്ചാലും അവിടുത്തെ രീതികൾ പകർത്തണമെന്നില്ല. നാടോടുമ്പോൾ നടുവേ ഓടാതെ ജീവിക്കാം. ഞാനും ജീവിച്ചിട്ടുണ്ട്. എന്റെ

*ശേഷം പേജ് 22 കാണുക*

# നാം ഭാഗ്യവാന്മാരോ?

**വി.**വേദപുസ്തകത്തിൽ ഒന്നാം സങ്കീർത്തനം ഒന്നും രണ്ടും വാക്യങ്ങളിൽ ഇങ്ങനെ കാണുന്നു "ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും, പാപികളുടെ വഴിയിൽ നില്ക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും, യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ".

നമുക്കറിയാം മോശെയുടെ പഞ്ചഗ്രന്ഥങ്ങളെ അനുസ്മരിപ്പിക്കുന്ന അഞ്ചു പുസ്തകങ്ങളുടെ സഞ്ചയമാണല്ലോ 150 സങ്കീർത്തനങ്ങൾ. എന്നാൽ ഒന്നാം പുസ്തകത്തിലെ 41 സങ്കീർത്തനങ്ങൾ ദാവീദിനാൽ മാത്രം വിരചിതമായതാണ്. ദാവീദിനോടൊപ്പം ആസാഫ്, കോരഹ് പുത്രന്മാർ, ശലോമോൻ. ഹേമാൻ ഏഥാൻ, മോശെ എന്നിവരും ഗ്രന്ഥകർത്താക്കളാണെങ്കിലും പ്രധാന വ്യക്തി ദാവീദു തന്നെ.

ദൈവത്താൽ അനുഗ്രഹിക്കപ്പെടേണ്ട വ്യക്തി (മനുഷ്യൻ) ഓരോ ദിവസവും എങ്ങനെ നടക്കേണം, എങ്ങനെ നില്ക്കേണം. എങ്ങനെ ഇരിക്കേണമെന്ന് തിരുവചനത്തിലൂടെ ദാവീദ് നമ്മെ ഓർമ്മിപ്പിക്കുക മാത്രമല്ല, നാം ദൈവത്തിനിഷ്ടമില്ലാത്തയിടങ്ങളിലൂടെ അലസമായി സമയം വ്യയം ചെയ്താൽ നാം ആരാണെന്ന് യുക്ത്യനുസാരം സ്ഥാപിക്കുകയുമാണ് ചെയ്യുന്നത്.

ദാവീദിനെക്കുറിച്ച് തിരുവചനം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു "ദാവീദോ എന്റെ ഹൃദയപ്രകാരമുള്ളവൻ". ഇങ്ങനെ ദാവീദിനെക്കുറിച്ച് തിരുവചനത്തിൽ രേഖപ്പെടുത്താൻ കാരണം, യിസ്രായേലിന്റെ സിംഹാസനത്തിൽ ആരൂഢനായിരിക്കുമ്പോഴും താൻ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട ഒരു ഇടയ ചെറുക്കനായിരുന്നുവെന്നും, തനിക്ക് സിംഹാസനം നല്കിയത് സർവ്വശക്തനായ ദൈവമാണെന്നും മറക്കാതെ അനുദിന ജീവിതത്തിൽ ദൈവത്തെ സ്തുതിക്കുന്നതിലും പുകഴ്ത്തുന്നതിലും ദൈവത്തിന്റെ മഹിമയെ വർണ്ണിക്കുന്നതിലും തീക്ഷ്ണതയുള്ളവനായിരുന്നു.

പ്രിയ സഹോദരങ്ങളേ, ഇന്ന് പണവും, പ്രതാപവും സ്ഥാനമാനങ്ങളും, ഉന്നതമായ സാമൂഹ്യ ബന്ധങ്ങളും ഭാഗ്യവാന്റെ അടയാളമായിട്ടാണല്ലോ ലോകം കാണുന്നത്. എന്നാൽ ദൈവത്താൽ അനുഗ്രഹിക്കപ്പെടേണ്ട മനുഷ്യന് ഉണ്ടായിരിക്കേണ്ടതെന്തെന്ന് ദാവീദ് ഒന്നാം സങ്കീർത്തനത്തിന്റെ ഒന്നാം വാക്യത്തിൽ ചൂണ്ടിക്കാണിക്കുന്നു. ദൈവം ഇല്ലാത്തവരുടെ ഉപദേശപ്രകാരം നടക്കുന്നവനാകരുത്. രണ്ടാമതായി ദൈവത്തെ മറന്ന് പാപത്തിൽ മുഴുകിയിരിക്കുന്നവരുമായി സംസർഗ്ഗമരുത്. മൂന്നാമതായി ദൈവത്തിന്റെ കല്പനകൾ പരസ്യമായി ലംഘിച്ച് കുറുക്കുവഴികളിലൂടെ നേടുന്ന

തെന്തും, ദൈവികാനുഗ്രഹമാണെന്നു പറഞ്ഞു വിളിക്കുന്നവരുടെ സ്നേഹ സദ്യകളിൽ ആതിഥേയത്വം സ്വീകരിച്ചവരുടെ ഇരിപ്പിടങ്ങളിൽ ഇരിക്കരുത്.

എന്നാൽ ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിൽ ദൈവമക്കളെന്നവ കാശപ്പെടുന്നവരിൽ പലരും സോദോമ്യ പാപം ചെയ്യുന്നവരും ദുഷ്പ്രവൃത്തി ക്കാരെ ലാഘവത്തോടെ വീക്ഷിക്കുന്നവരും, ആധുനിക സംസ്കാരത്തിന്റെ മറവിൽ ഇത്തരക്കാരുമായി ഉറ്റ ചങ്ങാത്തം പുലർത്തുന്നവരായും ദൈവമി ല്ലാത്ത അവരുടെ ജീവിതത്തെ അംഗീകരിക്കുന്നവരായും കണ്ടുവരുന്നു.

ഈ കാലഘട്ടത്തിൽ ആചാരനുഷ്ഠാനങ്ങളുടെ അന്തസ്സത്ത ഉൾക്കൊണ്ട് ആന്തരിക പരിവർത്തനത്തിന് ആരും വിധേയരാകുന്നില്ല. തിരു വെഴുത്ത് ഇങ്ങനെ പറയുന്നു : മത്താ. 15:8 ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നു. എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടകന്നിരിക്കുന്നു. ലോകത്തിനനുരൂപമായി ആന്തരിക പരിവർത്തനങ്ങളില്ലാത്ത ജനസമൂഹ മായി ആത്മീയഗോളം മാറിക്കൊണ്ടിരിക്കുന്നു. എന്നാൽ നാം ഏതാലോച നയ്ക്കു വിധേയരായിട്ടാണ് ഓരോ ദിവസവും ജീവിക്കുന്നത്? തിരുവെഴു ത്തിൽ 3 തരം ആലോചനകളെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു. 1. ദിവ്യമായ ആലോചനകളാണ് സങ്കീ. 16:7 എനിക്ക് ബുദ്ധി ഉപദേശിച്ചു തന്ന യഹോ വയെ ഞാൻ വാഴ്ത്തും. രാത്രികാലങ്ങളിലും എന്റെ അന്തരംഗം എന്നെ ഉപ ദേശിക്കുന്നു. 2. ബുദ്ധിയുള്ള ആലോചന മത്താ. 27:19. അവൻ ന്യായാസന ത്തിലിരിക്കുമ്പോൾ അവന്റെ ഭാര്യ ആളയച്ച് "ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്, അവൻ നിമിത്തം ഞാൻ ഇന്നു സ്വപ്നത്തിൽ വളരെ ക്ലേശം അനുഭവിച്ചു" എന്നു പറയിച്ചു. 3. ദുഷിച്ച ആലോചനകൾ: ഇയ്യോ 2:9 "അവന്റെ ഭാര്യ അവനോട്, നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചിരിക്കു ന്നുവോ? ദൈവത്തെ ശപിച്ചിട്ട് മരിക്കുക).

ഇനിയും ഏതായിരുന്നു നമ്മുടെ പാപവഴികൾ നോക്കാം? എഫെ. 2:2 ഈ ലോകത്തിന്റെ കാലഗതി അനുസരിച്ചും, ആകാശത്തിലെ അധികാ രത്തെയും, അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാ വിനധിപതിയായവനെയും അനുസരിച്ചുള്ള നടപ്പ്. നാം ഓർക്കുക പാപജീവിതവഴി എപ്പോഴും മുള്ളുകൾ മാത്രമേ തിരികെ തരികയുള്ളൂ. പാപ വഴികളെപ്പറ്റി തിരുവെഴുത്തു പറയുന്നു യെശ. 5:20 തിന്മയെ നന്മയെന്നും നന്മയെ തിന്മയെന്നും വെളിച്ചത്തെ ഇരുട്ടും ഇരുട്ടിനെ വെളിച്ചവും കയ്പിനെ മധുരവും മധുരത്തെ കയ്പാക്കി തീർക്കുന്നവർക്ക് അയ്യോ കഷ്ടമെന്നാണ് പറയുന്നത്.

പരിഹാസികളെക്കുറിച്ച് തിരുവചനം പറയുന്നു: പരിഹാസി ജ്ഞാനം അന്വേഷിക്കുന്നു. കണ്ടെത്തുന്നുമില്ല. പരിഹാസിയോ ശാസനകേട്ടനുസരി ക്കുന്നില്ല സദൃ. 13:1. ദുർജന സംസർഗ്ഗഫലങ്ങൾ എന്ത്?

(1) നമ്മിൽ അരിഷ്ടതയുളവാക്കുന്നു. (2) വിശ്വാസത്യാഗം (3) ദൈവകോപം (4) മാതാപിതാക്കൾക്കപമാനം (5) സദാചാരം കെട്ടുപോകും (6) പാപകര

മായ അനുകരണം (7) അലൗകികത്വം (8) സൗഹൃദങ്ങൾ ദുഷിക്കപ്പെട്ടത്. ഈ ദുർജ്ജനത്തിൽ നിന്നും എങ്ങനെ വേർപാട് പാലിക്കാം? എഫെ. 5:11 ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത്. അവയെ ശാസിക്കയത്രേ വേണ്ടത്.

പാപത്തിന്റെ പ്രലോഭനങ്ങളിൽ വീണുപോകാതെ വിശുദ്ധിയോടും വിശ്വസ്തതയോടും കൂടി പറ്റി നില്ക്കുന്നവർക്കു മാത്രമേ ഭാഗ്യവാനെന്നു പറയാനാകൂ. ഒരു വ്യക്തി സങ്കീർത്തന പ്രമാണങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ ചിലപ്പോൾ ലൗകിക ലാഭങ്ങൾക്കും മാനങ്ങൾക്കും കുറവു വരുമെങ്കിലും അവൻ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവനായിരിക്കും (ഭാഗ്യവാനായിരിക്കും).

നാം ക്രിസ്തുവിന്റെ അനുകാരികൾ ആകുമ്പോൾ നമ്മിലെ പാപസ്വഭാവങ്ങളെയും പ്രവർത്തനങ്ങളെയും ലോകം സശ്രദ്ധം നിരീക്ഷിക്കുന്നു. തിരുവചനം ഇങ്ങനെ യാക്കോ. 3:13-ൽ ഊന്നിപ്പറയുന്നു. നിങ്ങളിൽ ജ്ഞാനിയും വിവേകിയുമായവൻ ആര്? അവൻ ജ്ഞാനലക്ഷണമായ സൗമ്യതയോടെ നല്ല നടപ്പിൽ തന്റെ പ്രവൃത്തികളെ കാണിക്കട്ടെ.

സഹോദരങ്ങളേ, നാം വീണ്ടും ജനിച്ചതുകൊണ്ട് ആത്മികരാകുന്നില്ല. ആത്മാവിനെയനുസരിച്ച് ജീവിക്കണം. രക്ഷിക്കപ്പെട്ടിട്ടും ദേഹിയുടെ ഇച്ഛയനുസരിച്ച് നടക്കുന്നവർ ജഡികരാണ്. തിരുവചനം നമ്മോടു പറയുന്നു. ആത്മാവിനെയനുസരിച്ചു നടപ്പിൻ. ആത്മാവിന് വിധേയപ്പെട്ടു ജീവിക്കുന്നവരുടെ ഉള്ളിൽ ന്യായപ്രമാണം പ്രതിഷ്ഠിക്കും. എബ്രായർ 8:10 ഞാൻ എന്റെ ന്യായപ്രമാണം അവരുടെയുള്ളിൽ പ്രതിഷ്ഠിക്കും. അവരുടെ ഹൃദയങ്ങളിൽ എഴുതും. ഞാൻ അവർക്ക് ദൈവവും അവർ എനിക്ക് ജനവും ആയിരിക്കും.

ഇനിയും ആരാണ് ഭാഗ്യവാന്മാർ എന്നു ചിന്തിക്കാം. സങ്കീ. 40:4. യഹോവയെ  തന്റെ ആശ്രയമാക്കിക്കൊള്ളുകയും നിഗളികളെയും വ്യാജത്തിലേക്ക് തിരിയുന്നവരെയും ആദരിക്കാതിരിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. യഹോവയുടെ ന്യായപ്രമാണം അനുസരിച്ച് നടപ്പിൽ നിഷ്കളങ്കരായവർ ഭാഗ്യവാന്മാർ. അവന്റെ സാക്ഷ്യങ്ങളെ പ്രമാണിച്ചു പൂർണ്ണഹൃദയത്തോടെ അവനെ അന്വേഷിക്കുന്നവർ ഭാഗ്യവാന്മാർ സങ്കീ. 119:1,2.

നമുക്ക് ഒന്നു ശോധന ചെയ്യാം. ദൈവഭയമില്ലാത്തവരുടെ ആലോചനകൾ ഏറ്റെടുക്കുന്നവരും ഏതു തിന്മയെയും നന്മയെന്നു അനുശാസിക്കുന്നവരുടെ ആലോചനകൾ ഏറ്റെടുക്കുന്നവരും ഏതനുഗ്രഹങ്ങളും ദൈവത്തിന്റെയെന്നു പറയുന്ന ജനത്തോടുകൂടിയാണോ നടപ്പ്? പാപത്തോടുള്ള ബന്ധത്തിൽ പാപത്തിന്റെ ശക്തിയെ യേശു കാൽവരിയിൽ തകർത്തു. ഇത് അംഗീകരിച്ചും ഏറ്റെടുത്തുകൊണ്ടും പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞ് പുതുശക്തിയാൽ ജീവിക്കാം. (പുതുമനുഷ്യനായി).

**എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ**

# യെരുശലേം പുത്രിമാരേ, നിങ്ങളെച്ചൊല്ലി കരവിൻ

**ക**ർത്താവായ യേശുക്രിസ്തുവിനെ ക്രൂശിക്കാനായി കൊണ്ടു പോകുന്ന സമയത്ത് കരഞ്ഞുകൊണ്ടു തന്നെ അനുഗമിച്ച സ്ത്രീകളോട് യേശു തിരുവായ്മൊഴിഞ്ഞ് അവരെ ഉപദേശിച്ചതെന്തെന്നാൽ: യെരുശലേം പുത്രി മാരേ, എന്നെച്ചൊല്ലി കരയേണ്ടാ, നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവിൻ (ലൂക്കൊ.23:28). ഈ പ്രസ്താവനയിലൂടെ മൂന്നു ഉപദേശങ്ങളാണ് യേശു കർത്താവ് സഹോദരിമാരായ നമുക്കു നല്കുന്നത്. (1) എന്നെ ചൊല്ലി കരയേണ്ട (2) നിങ്ങളെ ചൊല്ലി കരവിൻ (3) നിങ്ങളുടെ മക്കളെച്ചൊല്ലി കരവിൻ. ഇവ മൂന്നും സഹോദരിമാർക്കു തന്നിരിക്കുന്ന അതിപ്രധാനമായ ഉപദേശ ങ്ങളാണ് കർത്താവ് തന്റെ ക്രൂശുമരണത്തിനു തൊട്ടുമുമ്പു തന്നിരിക്കുന്ന അന്തിമോപദേശം. ഒരു വ്യക്തിയുടെ അന്തിമോപദേശത്തിനു നാം എന്തു വില കൊടുക്കുമോ അതിലുമധികം വില നാം കർത്താവിന്റെ മരണത്തിനു മുമ്പ് സഹോദരിമാർക്കു നല്കുന്ന ഉപദേശത്തിനും കൊടുക്കേണ്ടതാണ്.

കരയുക എന്നുള്ള കഴിവ് പുരുഷന്മാരെക്കാൾ അധികമായി സ്ത്രീകൾ ക്കാണു ലഭിച്ചിട്ടുള്ളത്. അത് അപ്രധാനകാര്യങ്ങൾക്കായി ഉപയോഗിക്കുവാൻ പാടില്ല. നമ്മുടെ കണ്ണുനീരിനു ദൈവം വില കല്പിച്ചിട്ടുണ്ട്. അത് ദൈവം തുരുത്തിയിലാക്കി സൂക്ഷിക്കുന്നു. അതുകൊണ്ടു കണ്ണുനീർ വേണ്ടിടത്തു മാത്രം ഉപയോഗപ്പെടുത്തുക. മുതലക്കണ്ണീർ പാടില്ല. നമ്മുടെ കുറവുകൾ മനസ്സിലാക്കി അതിൽ നിന്നുള്ള വിടുതലിനായി ദൈവസന്നിധിയിൽ കരയണം.

നാം ഇന്നു ജീവിക്കുന്ന കാലഘട്ടം എത്ര അധഃപതിച്ചിരിക്കുന്നു! നോഹയുടെകാലം പോലെയുള്ള കാലം; കർത്താവിന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം വിസ്മരിക്കപ്പെട്ടിരിക്കുന്ന കാലം; പിശാചിന്റെ തേർവാഴ്ചയാണ് എവിടെയും കാണുന്നത്. ഈ കാലത്തെപ്പറ്റി പത്രൊസ് പറഞ്ഞിരിക്കുന്നത്. സ്വന്തമോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്തു വരും എന്നു വിശേഷാൽ അറിഞ്ഞുകൊൾവിൻ. ദുഷ്ടമനുഷ്യ രുടെ ന്യായവിധിയും, ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിക്കാനുള്ള ദിവസവും അടുത്തിരിക്കുന്നു. ഇന്നു ലോകജനതയുടെ മദ്ധ്യേ നടക്കുന്ന ഒരോ സംഭവങ്ങളും അതു വിളിച്ചറിയിക്കുന്നു. ഇന്നത്തെ കോവിഡ് വ്യാപനം, യിസ്രായേൽ പലസ്തീൻ യുദ്ധം, ഭീകരാക്രമണങ്ങൾ, താലിബാൻ ഭരണ തന്ത്രങ്ങൾ, റഷ്യ-ഉക്രയിൻ യുദ്ധം തുടങ്ങിയവയെല്ലാം ഇതിനു തെളിവ്. ഇങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ ജീവിക്കുന്ന ദൈവമക്കളായ സഹോദരി മാർ കരയേണ്ടതിന്റെ ആവശ്യകത എന്താണെന്നു പരിശോധിക്കാം.

അതിനായി നമ്മുടെ ആത്മീയാവസ്ഥ ശോധന ചെയ്യാം. 2 കൊരി.13:5 നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നെ പരീക്ഷിപ്പിൻ; നിങ്ങളെത്തന്നെ ശോധന ചെയ്യുവിൻ. വിശ്വാസത്തിനു കോട്ടം തട്ടിയിട്ടുണ്ടെങ്കിൽ കർത്താവിനോടു ഏറ്റുപറഞ്ഞു ക്ഷമയ്ക്കായി യാചിക്കാം. കുറവുകൾ ബോധ്യമായില്ലെങ്കിൽ ദാവീദിനെപ്പോലെ ഇങ്ങനെ പ്രാർത്ഥിക്കാം: ദൈവമേ എന്നെ ശോധന ചെയ്ത് എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി, ശാശ്വത മാർഗ്ഗത്തിൽ എന്നെ നടത്തണമേ (സങ്കീ.139: 23,24). ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊൾവിൻ (എഫെ.5:17), ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ (1 തെസ്സ.4:3). ഏതെല്ലാം നിലയിലുള്ള ശുദ്ധീകരണമാണ് നമുക്കാവശ്യം?

**1. നടപ്പ് (ജീവിതം) ശുദ്ധീകരിക്കണം**

വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ ജീവിക്കേണ്ടതിന്നു നമ്മൾ പിറുപിറുപ്പും വാദവും കൂടാതെ എല്ലാം ചെയ്യണം. അപ്പോൾ നാം അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്ക്കളങ്ക മക്കളും ആയിത്തീരും. ജീവന്റെ വചനം പ്രമാണിച്ചു കൊണ്ട് ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കും (ഫിലി.2:14,15). പൂർണ്ണ വിനയത്തോടും സൗമ്യതയോടും, ദീർഘക്ഷമയോടും കൂടെ നടക്കയും, സ്നേഹത്തിൽ അന്യോന്യം പൊറുക്കുകയും, ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാക്കുവാൻ ശ്രമിക്കുകയും ചെയ്യുവിൻ (എഫെ.4:2,3). കർത്താവിന്നു പ്രസാദമായത് എന്തെന്നു പരിശോധിച്ചുകൊണ്ട് വെളിച്ചത്തിലുള്ളവരായി നടന്നുകൊൾവിൻ (എഫെ.5:9). ജ്ഞാനികളായി നടക്ക (എഫെ.5:15), സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിനു ചെരുപ്പാക്കിക്കൊള്ളണം (എഫെ.6:15).

**2. ഹൃദയത്തെ ശുദ്ധീകരിക്കണം**

ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവുമുള്ളത് (യിരെ.17:9). ആകയാൽ സകല ജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊള്ളുക; ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നത് (സദൃ.4:23). ആയതിനാൽ ദൈവവചനം എന്ന വാളിനാൽ ഹൃദയപരിച്ഛേദന ഏൽക്കണം. അപ്പോൾ മാത്രമേ പൂർണ്ണഹൃദയത്തോടെ ദൈവത്തെ സേവിക്കാൻ കഴികയുള്ളു. കർത്താവിന്റെ ഗിരിപ്രഭാഷണമായ ഭാഗ്യവർണ്ണനയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും (മത്താ.5:8). യഹോവയോ ഹൃദയങ്ങളെ തൂക്കിനോക്കുന്നു (സദൃ.21:2).

**3. ചിന്തകളെ ശുദ്ധീകരിക്കണം**

ഭൗതിക ചിന്തകൾ നമ്മെ ആകുലതകളിലേക്കു നയിക്കാൻ കാരണമാകുന്നു. തന്മൂലം നാം രോഗികളായി മാറാനും ഇടയുണ്ട്. പോംവഴി ഒന്നേയുള്ളു, ദൈവകാര്യത്തിന് ഒന്നാം സ്ഥാനം കൊടുക്കുക. അങ്ങനെയെങ്കിൽ കർത്താവ് നമ്മുടെ എല്ലാ കാര്യങ്ങളും നോക്കിക്കൊള്ളും.

നാം എന്താണു ചെയ്യേണ്ടത്? ഉയരത്തിലുള്ളതു ചിന്തിക്കണം. സത്യമായത്, ഘനമായത്, നീതിയായത്, നിർമ്മലമായത്, രമ്യമായത്, സൽക്കീർത്തിയായത്, സൽഗുണമോ പുകഴ്ചയോ അത് ഒക്കെയും ചിന്തിച്ചു കൊള്ളണം. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കുകയത്രേ വേണ്ടത് (ഫിലി. 4:6).

ദുശ്ചിന്തകൾ നാശത്തിലേക്കു നയിക്കും. അത് കലഹത്തിനു കാരണമായിത്തീരും. സഭകളിൽ സ്ത്രീകൾ പലയിടത്തും പ്രശ്നക്കാരായിത്തീരാറുണ്ട്. അങ്ങനെയുള്ളവർക്കു നല്ലൊരുദാഹരണം പൗലൊസ് നല്കുന്നുണ്ട്. ഫിലിപ്യസഭയിലെ പ്രധാനപ്പെട്ട രണ്ടു സഹോദരിമാരാണ് യുവൊദ്യയും സുന്തുകയും. അവർ തമ്മിൽ എന്തോ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. പൗലൊസ് അവരോട് ഏകചിന്തയോടിരിക്കാൻ പ്രബോധിപ്പിക്കുന്നു (ഫിലി. 4:2). തമ്മിൽ രമ്യമായിരിപ്പാൻ കഴിയാത്തവർക്കു ദൈവത്തോട് എങ്ങനെ രമ്യമായിരിക്കാൻ കഴിയും. അതുകൊണ്ടു പ്രിയ സഹോദരിമാരേ നമുക്കു നമ്മുടെ ചിന്തകളെ ശുദ്ധീകരിക്കാം.

**4. വായ് അഥവാ സംസാരം ശുദ്ധീകരിക്കണം**

ഹൃദയം നിറഞ്ഞു കവിയുന്നതല്ലോ വായ് സംസാരിക്കുന്നത്. മനുഷ്യർ പറയുന്ന ഏതു നിസ്സാര വാക്കിനും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടി വരും. അതുകൊണ്ട് നമ്മുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കട്ടെ. കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്നു ആവശ്യംപോലെ ആത്മിക വർദ്ധനയ്ക്കായി നല്ല വാക്കല്ലാതെ ആകാത്തതൊന്നും നമ്മുടെ വായിൽ നിന്നു പുറപ്പെടരുത്. ഉത്തമ സ്ത്രീയെപ്പറ്റി സദൃശവാക്യങ്ങൾ 31:26 ൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: അവൾ ജ്ഞാനത്തോടെ വായ് തുറക്കുന്നു. തിരുവചനത്തിൽനിന്നു അത്തരത്തിലുള്ള ഒരു സ്ത്രീയെ പരിചയപ്പെടാം - അബീഗയിൽ. അവൾ വിവേകമതിയായിരുന്നു. നിഷ്ഠൂരനും ദുഷ്ക്കർമ്മിയുമായ ഭർത്താവിനോടുകൂടെ പാർത്തിരുന്നിട്ടും വിവേകത്തോടും താഴ്മയോടും കൂടിയുള്ള സംസാരത്താൽ തന്റെ കുടുംബത്തിന്റെ ഉന്നത നിലവാരം കാത്തുസൂക്ഷിക്കാൻ അവൾക്കു കഴിഞ്ഞു. നിന്റെ വാക്കുകളാൽ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും (മത്താ.12:37) എന്നുള്ള കർത്താവിന്റെ വാക്കുകൾ ഇവിടെ അന്വർത്ഥമാക്കപ്പെടുന്നു.

**5. ശരീരം ശുദ്ധീകരിക്കണം**

നമ്മുടെ ശരീരം പരിശുദ്ധാത്മാവ് അധിവസിക്കുന്ന ദൈവത്തിന്റെ മന്ദിരമാണ്. ദൈവം വിശുദ്ധനാകയാൽ ദൈവത്തിന്റെ മന്ദിരവും വിശുദ്ധമായിരിക്കണം. ദൈവമക്കൾ കർത്താവിന്റെ രക്തത്താൽ വിലയ്ക്ക് വാങ്ങപ്പെട്ടവരാകയാൽ ദൈവേഷ്ടപ്രകാരം ജീവിച്ച് ശരീരംകൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തണം. നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ

ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ (റോമ.12:1). വിശുദ്ധനായ ദൈവത്തിന്റെ മന്ദിരം വിശുദ്ധമായിരിക്കയാൽ വിശുദ്ധ സ്ത്രീകൾ യോഗ്യമായ വസ്ത്രം ധരിക്കണം. വസ്ത്രധാരണത്തിൽ മാത്രമല്ല, മറ്റെല്ലാ കാര്യങ്ങളിലും ഈ ലോകത്തിനു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടണം. ഈ ലോകത്തിന്റെ വേഷഭൂഷാദികളല്ല നമ്മുടെ അലങ്കാരം. ദൈവം നമ്മെ അണിയിച്ചിരിക്കുന്നത് ദയയും കരുണയുമാണ് (സങ്കീ.103:4). നാം സ്വയമായി അണിയേണ്ട അക്ഷയ ഭൂഷണമാണ് സൗമ്യതയും സാവധാനതയുമുള്ള മനസ്സ് (1പത്രൊ.3:4).

പ്രിയ സഹോദരിമാരെ നമ്മുടെ കർത്താവിന്റെ അന്തിമവാക്കുകൾക്കു വില കൊടുത്ത് നമ്മുടെ കുറവുകളെ സ്വയം കണ്ടുപിടിച്ച് തെറ്റുകൾ ഏറ്റു പറയാം. വിശുദ്ധ ജീവിതം നയിക്കാം. തെറ്റു ചെയ്യാൻ പ്രേരണ നല്കുന്ന ഓരോ അവയവങ്ങളെയും ശുദ്ധീകരിക്കാം. എല്ലാറ്റിനും ഉപരിയായി നമ്മുടെ ശരീരത്തെ മുഴുവനായി ദൈവത്തിനായി സമർപ്പിക്കാം. ദൈവനാമമഹത്ത്വത്തിനായി ജീവിക്കാം.

**ജോയമ്മ സാംസൺ, കൊല്ലം**

---

*പേജ് 15 ന്റെ തുടർച്ച (യോഗ്യമായ വേഷം)*

നില സൂക്ഷിക്കുവാൻ എനിക്കറിയാം. നില തെറ്റിയ ഒരു വിശ്വാസിയല്ല. വിശ്വാസിയാകുവാൻ ആരും എന്നെ നിർബ്ബന്ധിച്ചതല്ല. ഞാൻ സ്വയം സ്വീകരിച്ചതാണ്.

വിശ്വാസികൾക്കുള്ള 'നോ, നോ' കൾ നാം ചെയ്യാതിരിക്കുക. ഏതു കാര്യത്തിലും വിശ്വസ്തരായിരിക്കുക. അതിനു ദൈവം ഓരോ വിശ്വാസിയെയും സഹായിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടെ ലേഖനം നിർത്തട്ടെ.

**അന്നമ്മ സി. ജോൺ**

## Quest 88 - ന്റെ ശരി ഉത്തരങ്ങൾ

| | |
|---|---|
| 1. ഊരി (പുറ.31:2) | 10. കോലാട്ടുരോമം (പുറ.26:7) |
| 2. നീലനൂൽ (പുറ.28:31) | 11. അഹരോൻ (പുറ.32:4) |
| 3. അഹരോന്റെ മകൻ ഈഥാമാർ (പുറ.38:21) | 12. ബെസലേൽ, ഒഹൊലീയാബ് (പുറ.36:1) |
| 4. യഹൂദാ (പുറ.35:30) | 13. മോശെ (പുറ.34:29) |
| 5. യഹോവയായ ദൈവം (പുറ.25:9) | 14. അഹരോനും, പുത്രന്മാർക്കും (പുറ.29:9) |
| 6. ഖദിരമരം (പുറ.30:1) | 15. മോശെ (പുറ.24:4) |
| 7. മോശെ (പുറ.33:17) | 16. മൂന്നുപ്രാവശ്യം (പുറ.23:14) |
| 8. യഹോവയ്ക്ക് വിശുദ്ധം (പുറ.39:30) | 17. സൂര്യൻ അസ്തമിക്കും മുമ്പേ (പുറ.22:26) |
| 9. 7-ാം സംവത്സരത്തിൽ (പുറ.21:2) | 18. യഹോവയുടെ മേഘവും, അഗ്നിയും (പുറ. 40:38) |
| | 19. ഇടിച്ചെടുത്ത തെളിവുള്ള ഒലിവെണ്ണ (പുറ. 27:20) |
| | 20. ബെസലേൽ, തങ്കം കൊണ്ട് (പുറ.37:6) |

# തലമുറകളെ നല്കുന്നത് ദൈവം

'**മ**ക്കൾ യഹോവ നല്കുന്ന അവകാശവും; ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നെ'

ഇന്ന് ദമ്പതികളുടെ ഇടയിൽ കണ്ടുവരുന്ന ദുഃഖകരമായ ഒരു പ്രശ്നമാണ് വന്ധ്യത. ഈ നാളുകളിൽ പഴയകാലങ്ങളിൽ ഉണ്ടായിരുന്നതിനേക്കാളും അധികമായി ദൈവമക്കളുടെ ഇടയിലും ലോകമക്കളിലും കണ്ടുവരുന്നു. പുരാതനകാലങ്ങളിൽ വന്ധ്യത ഒരു ശാപം ആയിട്ടായിരുന്നു കണ്ടിരുന്നത്. അതുകൊണ്ട് അങ്ങനെയുള്ളവർക്ക് സമൂഹത്തിൽ യാതൊരു വിലയും ഇല്ല എന്ന് മാത്രമല്ല അവർ കുടുംബങ്ങളിലും വളരെ പ്രതിസന്ധികൾ തരണം ചെയ്യേണ്ടതായിട്ടുമുണ്ടായിരുന്നു. ഇന്ന് സ്ഥിതിക്ക് മാറ്റം വന്നിട്ടുണ്ടെങ്കിലും ഒരു സ്ത്രീയുടെ ജീവിതം പൂർണ്ണതയിൽ എത്തുന്നത് അവൾ ഒരു അമ്മയാകുമ്പോൾ മാത്രമാണ്. അതുകൊണ്ട് വെള്ളത്തിനായി ദാഹിക്കുന്ന വേഴാമ്പലിനെപ്പോലെ ഒരു കുഞ്ഞിനായി എപ്പോഴും അവൾ ദാഹിച്ചു കൊണ്ടിരിക്കും. അതു മുതലെടുത്തുകൊണ്ട് വന്ധ്യത നിവാരണ ആശുപത്രികൾ കൂണുപോലെ മുളച്ചുപൊങ്ങുന്നു. ഒരു ആയുസ്സിന്റെ പകുതി അദ്ധ്വാനഫലവും ചികിത്സയ്ക്കായി ചിലവിട്ട് നിരാശയോടെ മടങ്ങുന്ന ദമ്പതികളെയും കണ്ടുവരുന്നു. എന്നാൽ തലമുറകളെ നല്കുന്നത് ദൈവമാണെന്നുള്ള ആത്മീയ സത്യം തിരുവചന അടിസ്ഥാനത്തിൽ നമുക്ക് പരിശോധിക്കാം.

(1) ഉൽപത്തി 20:2 അബ്രഹാം തന്റെ ഭാര്യയായ സാറയെ സഹോദരി എന്ന് പറഞ്ഞതുകൊണ്ട് ഗെരാർ രാജാവായ അബീമേലെക്കു ആളയച്ചു സാറയെ കൊണ്ടുപോയി. എങ്കിലും അവൻ അത് ഹൃദയപരമാർത്ഥതയോടും കൈയ്യുടെ നിർമലതയോടുംകൂടെ ചെയ്തതിനാൽ ദൈവം ഇടപെട്ട് സാറായെ തിരിച്ച് ഏൽപ്പിക്കുകയും, പ്രതിശാന്തിയായി ആയിരം വെള്ളിക്കാശ് സാറയ്ക്ക് കൊടുക്കുകയും അബ്രഹാമിന് ആടുകളെയും ദാസിദാസന്മാരെയും കൊടുക്കുകയും ചെയ്തു. അപ്പോൾ അബ്രഹാം ദൈവത്തോട് അപേക്ഷിച്ചു, ദൈവം അബീമേലെക്കിനേയും ഭാര്യയെയും അവന്റ ദാസിമാരെയും സൗഖ്യമാക്കി, അവർ പ്രസവിച്ചു. അബ്രഹാമിന്റെ ഭാര്യയായ സാറയുടെ നിമിത്തം യഹോവ അബീമേലെക്കിന്റെ ഭവനത്തിലെ ഗർഭം ഒക്കെയും അടച്ചിരുന്നു. സർവ്വശക്തനായ ദൈവം അബ്രഹാമിന് നേരിടാനിരിക്കുന്ന വലിയ വിപത്ത് മുൻ കണ്ടു എന്ന് മാത്രമല്ല അതിൽ നിന്നും വിടുതൽ നല്കുകയും ചെയ്തു. ഇന്നും ദൈവത്തിന്റെ തിരുനാമം മഹത്ത്വപ്പെടുവാനും അവിടുത്തെ അത്ഭുത പ്രവൃത്തികൾ മനുഷ്യരുടെ ഇടയിൽ വെളിപ്പെട്ടുവരുവാനും ദൈവത്തിന്റെ

പദ്ധതിപ്രകാരം അല്പകാലത്തേക്ക് ചിലരുടെ ഗർഭം അടയ്ക്കുകയും തുറക്കുകയും ചെയ്തെന്നിരിക്കാം.

(2) ഉൽപത്തി 30 : 1 യാക്കോബിന്റെ ഭാര്യയായ റാഹേൽ തന്റെ സഹോദരിയായ ലേയയ്ക്കു മക്കളുണ്ടായപ്പോൾ അവളോട് അസൂയപ്പെടുകയും എനിക്കും മക്കളെ തരേണം എന്ന് യക്കോബിനോടു പറഞ്ഞപ്പോൾ; നിനക്ക് ഗർഭഫലം തരാതിരിക്കുന്ന ദൈവത്തിന്റെ സ്ഥാനത്തോ ഞാൻ എന്നു പറയുന്നതായി കാണുന്നു. റാഹേലിനു ജഡികമായ ചില സ്വഭാവങ്ങൾ ഉണ്ടായിരുന്നെങ്കിലും അവൾ ഒരു കുഞ്ഞിനുവേണ്ടി നിരന്തരം ദൈവത്തോട് അപേക്ഷിച്ചപ്പോൾ, കുറച്ചുകാലം കഴിഞ്ഞിട്ടാണെങ്കിലും കുറവുകളെ കണക്കിടാതെ സ്നേഹ വാനായ ദൈവം അവളോട് ദയ കാണിച്ച് അവളുടെ അപേക്ഷ കേട്ട് അവളുടെ ഗർഭത്തെ തുറന്നു. അവൾ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു. ഇന്നും ദൈവ ത്തോട് കൂടുതൽ അടുത്ത് ജീവിക്കാനും നമ്മുടെ മാറ്റേണ്ട ചില ദൈവഹിത മല്ലാത്ത സ്വഭാവ രീതികൾ മാറ്റേണ്ടതിനുമായി ദൈവം ചില കാലയളവ് വരെ ചിലർക്ക് കുഞ്ഞുങ്ങളെ നല്കാതിരിക്കാം. എന്നാൽ ദൈവസന്നിധിയിൽ താണിരുന്ന് ദൈവത്തോട് നിരന്തരം യാചിക്കുമ്പോൾ കർത്താവ് ജോസഫിനെ പോലെ അനുഗ്രഹിക്കപ്പെട്ട കുഞ്ഞിനെ നല്കി തിരുനാമം മഹിമപ്പെടുത്തും.

(3) 1 ശമു 1:1 എഫ്രയീം മലനാട്ടിലെ എല്ക്കാനാ എന്ന പുരുഷനു ഹന്നാ എന്നും പെനീന്നാ എന്നും പേരുള്ള രണ്ട് ഭാര്യമാരുണ്ടായിരുന്നു. ഹന്നായുടെ ഗർഭം യഹോവ അടച്ചിരുന്നു. യഹോവ അവളുടെ ഗർഭം അടച്ചിരുന്നതിനാൽ അവളുടെ പ്രതിയോഗി അവളെ വ്യസനിപ്പിപ്പാൻ തക്കവണ്ണം വളരെ മുഷിപ്പിച്ചു. എന്നാൽ എല്ക്കാനാ അവളെ വളരെ സ്നേഹിച്ചിരുന്നു. ഹന്നാ ആലയത്തിൽ ചെന്ന് മനോവിഷമത്തോടെ വളരെ കരഞ്ഞു ഒരു പുരുഷസന്താനത്തിന്നായി പ്രാർത്ഥിച്ചു. ഒരാണ്ട് കഴിഞ്ഞിട്ട് ഹന്നാ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു. അവന് ശമൂവേൽ എന്ന് പേർ വിളിച്ചു. യഹോവയോട് അപേക്ഷിച്ചു പ്രാർത്ഥിച്ചുവാങ്ങിയ മകനെ ദൈവത്തിന് നിവേദിച്ചു, അവൻ ഇസ്രായേലിൽ പ്രവാചകനും ന്യായപാലകനും യഹോവയുടെ ആലയത്തിലെ പുരോഹിതനു മായിത്തീർന്നു. ഇങ്ങനെ ഒരു ബാലനെ നല്കുവാൻ ഹന്നായുടെ ഗർഭം അല്പ കാലത്തേക്ക് ദൈവം അടച്ചു; എന്നാൽ വിശ്വസ്തതയോടെ ദൈവസന്നിധിയിൽ താണിരുന്ന് ദൈവത്തോട് ചോദിച്ചു വാങ്ങിയതുകൊണ്ട് അനുഗ്രഹിക്കപ്പെട്ട ഒരു പൈതലിനെ നല്കുവാൻ ദൈവത്തിന് പ്രസാദമായി. നമ്മോടുള്ള ബന്ധത്തിലും കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾ ദൈവസന്നിധിയിൽ പ്രാർത്ഥിച്ച് നേടിയെടുക്കുന്ന കുഞ്ഞുങ്ങൾ ദൈവിക ഉദ്ദേശ്യം നിറവേറ്റുന്നവരും ദൈവ ത്തിനും മനുഷ്യർക്കും പ്രസാദവുമുള്ളവരുമായി വളർന്നുവരും.

(4) ഉൽപത്തി 21: 1 നൂറു വയസ്സായ അബ്രഹാമിന് 90 വയസ്സായ സാറായിലൂടെ വാഗ്ദത്ത സന്തതിയെ ജനിപ്പിക്കുവാൻ ദൈവത്തിന് പ്രസാദമായെങ്കിൽ വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാണ്. പ്രിയ ദൈവമക്കളേ, പ്രായം ദൈവ

ത്തിന്റെ മുമ്പിൽ ഒരു തടസ്സമായി കരുതരുത്. വൈദ്യശാസ്ത്രം അസാദ്ധ്യം എന്ന് പറയുമ്പോൾ അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കുന്ന സൃഷ്ടികർത്താവിന് അസാദ്ധ്യമായി ഒന്നുമില്ല. ദൈവം തലമുറകളെ നല്കി അനുഗ്രഹിക്കും.

ഇനിയും വന്ധ്യതയോടുള്ള ബന്ധത്തിൽ പലരെക്കുറിച്ച് പഴയ നിയമത്തിൽ കാണാം. എന്നാൽ പുതിയനിയമത്തിൽ ഇതിനോടുള്ള ബന്ധത്തിൽ എന്തു പറയുന്നു എന്ന് അല്പമായി പരിശോധിക്കാം.

(4) ലൂക്കൊ. 1:1 യഹൂദ്യ രാജാവായ ഹെരോദാവിന്റെ കാലത്തു സെഖര്യാവ് എന്നു പേരുള്ള ഒരു പുരോഹിതൻ ഉണ്ടായിരുന്നു അവന്റെ ഭാര്യയായ എലീശബത്ത് മച്ചിയായിരുന്നു.

അവർക്ക് സന്തതി ഇല്ലാത്തവരും വയോധികരുമായിരുന്നു. എന്നാൽ അവർ ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു. അവർ ഒരു പൈതലിനായി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പ്രാർത്ഥനയ്ക്കുത്തരമായി സെഖര്യാവിനോട് ദൂതൻ: 'നിന്റെ ഭാര്യ എലീശബത്ത് നിനക്കൊരു മകനെ പ്രസവിക്കും, അവന് യോഹന്നാൻ എന്ന് പേർ ഇടേണം' എന്നു പറഞ്ഞു. കർത്താവ് സെഖര്യാവിനു കൊടുത്ത വാഗ്ദത്തം പോലെ അവന്റെ ജനനത്തിങ്കൽ സന്തോഷവും ഉല്ലാസവും ലഭിച്ചു, എന്ന് മാത്രമല്ല അവൻ കർത്താവിന്റെ സന്നിധിയിൽ വലിയവൻ ആകുകയും അമ്മയുടെ ഗർഭത്തിൽ വച്ച് തന്നെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ്, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്ന് വിളിച്ചു പറയുന്ന മരുഭൂമിയിലെ ശബ്ദമായി മാറി, കർത്താവിന്റെ വഴിയൊരുക്കി അവന്റെ പാത നിരപ്പാക്കാൻ ഭാഗ്യം ലഭിക്കുകയും ചെയ്തു. സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ യോഹന്നാൻ സ്നാപകനെക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ലെന്ന് പറയത്തക്കവിധം കർത്താവു യോഹന്നാനെ കുറിച്ച് സാക്ഷ്യം പറഞ്ഞു. കുഞ്ഞുങ്ങളില്ലാത്ത ദമ്പതിമാർ കർത്താവിന്റെ തിരുമുമ്പാകെ തന്നെത്താൻ താഴ്ത്തി അവിടുത്തെ ഹിതത്തിനായി ക്ഷമയോടെ കാത്തിരിക്കുമ്പോൾ അവിടുത്തെ സമയത്ത് പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കും. അങ്ങനെ ദൈവം നല്കുന്ന കുഞ്ഞുങ്ങൾ സന്തോഷവും ഉല്ലാസവും നല്കുകയും. ദൈവകരങ്ങളിൽ ഉപയോഗപ്പെടുന്ന അനുഗ്രഹിക്കപ്പെട്ട  പൈതങ്ങളായി വളരുകയും ചെയ്യും.  അങ്ങനെ വൈദ്യശാസ്ത്രം തോറ്റിടത്ത് ദൈവശക്തി വെളിപ്പെട്ടുവരും, നിശ്ചയം.

'വീരന്റെ കൈയിലെ അസ്ത്രങ്ങൾ എങ്ങനെയോ അങ്ങനെയാകുന്നു യൗവ്വനത്തിലെ മക്കൾ. അവയെക്കൊണ്ട് തന്റെ ആവനാഴിക നിറച്ചിരിക്കുന്ന പുരുഷൻ ഭാഗ്യവാൻ; നഗരവാതില്ക്കൽ വച്ച് ശത്രുക്കളോട് സംസാരിക്കുമ്പോൾ അങ്ങനെയുള്ളവർ ലജ്ജിച്ചുപോകയില്ല.' (സങ്കീ. 127:4,5) ദൈവനാമത്തിന് മഹത്ത്വം ഉണ്ടാകട്ടെ.

**മഹേശ്വരി പുരന്ദരൻ**

# മരണക്കെണിയിലേക്ക് ഓടിയടുക്കുന്ന യുവ തലമുറ

**ലോ**കത്തിൽ ഏറ്റവും അധികം യുവജനങ്ങളുള്ള രാജ്യമാണ് ഇന്ത്യ. അവരുടെ കർമ്മശേഷിയെ കുടുംബത്തിനായും, സാമൂഹ്യ നന്മയ്ക്കായും രാഷ്ട്ര പുനർനിർമ്മാണത്തിനായും പ്രയോജനപ്പെടുത്തേണ്ടത് വളരെ അത്യാവശ്യ മാണല്ലോ. എന്നാൽ നമ്മളെ വളരെയധികം വിഷമിപ്പിക്കുകയും വേദനിപ്പി ക്കുകയും ചെയ്യുന്ന വാർത്തകളാണ് ദിനംപ്രതിയെന്നോണം നമ്മുടെ യുവാ ക്കളുടെ കാര്യത്തിൽ നാം കേൾക്കുകയും കാണുകയും ചെയ്യുന്നത്.

മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി മാറിയ യുവാക്കൾ അവ രുടെ കുടുംബത്തിനും സമൂഹത്തിനും ഉണ്ടാക്കുന്ന മാനഹാനിയും നാശനഷ്ട ങ്ങളും ചില്ലറയല്ല. അതുപോലെ പ്രണയ പകയുടെ പേരിൽ നടക്കുന്ന ആക്ര മണങ്ങളും കൊലപാതകങ്ങളും നമ്മുടെ നാട്ടിൽ സാധാരണ സംഭവങ്ങൾ ആയി മാറിക്കഴിഞ്ഞു. നമ്മുടെ മക്കൾക്ക് എന്താണ് സംഭവിച്ചത് എന്ന് എല്ലാ വരും ആശങ്കപ്പെടുന്ന ഒരു അവസ്ഥയിലേക്ക് നാം എത്തിച്ചേർന്നിരിക്കുന്നു.

നിരീശ്വരവാദവും യുക്തിവാദവും അതിരുകടന്ന ലിബറലിസ്റ്റ് ചിന്താ ഗതികളും എല്ലാം കൂടി നമ്മുടെ യുവതലമുറയെ കടുത്ത അരക്ഷിതാവസ്ഥ യിലേക്കും നിരാശാബോധത്തിലേക്കും നയിച്ചുകൊണ്ടിരിക്കുന്നു. നമുക്ക് ചുറ്റിലും ഉള്ള സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഇത്തരം അപകടക രമായ പ്രവണതകൾ നമ്മുടെ മക്കളുടെ ആത്മീയ ജീവിതത്തെയും നശിപ്പിച്ചു കൊണ്ടിരിക്കുന്നു.

കർത്താവ് ശിഷ്യന്മാരോട് അരുളിച്ചെയ്ത ഒരു വാക്യമാണ് എനിക്ക് ഓർമ്മ വരുന്നത്. മത്തായി എഴുതിയ സുവിശേഷം പത്താം അദ്ധ്യായം പതിനാറാം വാക്യത്തിൽ ഇങ്ങനെ പറയുന്നു: “നിങ്ങൾ പാമ്പിനെപോലെ ബുദ്ധിയുള്ള വരും പ്രാവിനെപോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ”. ഇവിടെ കർത്താവ് എന്തായിരിക്കും ഉദ്ദേശിച്ചിരിക്കുക. പ്രാവിനെ പോലെ കളങ്കമില്ലാത്തവർ എന്ന് പറഞ്ഞാൽ അത് നമ്മുടെ വിശുദ്ധ ജീവിതത്തിന്റെ ആവശ്യകതയെ ചൂണ്ടി ക്കാണിക്കുന്നു എന്ന് എവർക്കും അറിയാം. എന്നാൽ പാമ്പിനെപോലെ ബുദ്ധി യുള്ളവർ ആകുക എന്ന് പറഞ്ഞാൽ എന്താണ് അർത്ഥം? ഞാൻ മനസ്സിലാ ക്കിയത് പറയാം. സംഭവിക്കുവാൻ സാധ്യതയുള്ള അപകടങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറുവാൻ പാമ്പിനു ആവശ്യമായ ബുദ്ധിയുണ്ട്. തനിക്ക് ചവിട്ടു കൊള്ളാൻ സാധ്യതയുള്ള ആനയെപ്പോലെയുള്ള വലിയ ജീവികൾ നടന്ന ടുക്കുമ്പോൾ ആ സ്ഥലത്തു നിന്ന് ഒഴിഞ്ഞു പോകാനുള്ള കഴിവ് പാമ്പിനുണ്ട്.

അതുപോലെ തങ്ങൾക്ക് മുമ്പിലുള്ള വഴിത്താരകളിൽ പതിയിരിക്കുന്ന കെണികളെ തിരിച്ചറിയുവാൻ നമ്മുടെ യുവാക്കൾക്ക് കഴിഞ്ഞിരുന്നെങ്കിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ആത്മഹത്യകളിലും കൊലപാതകങ്ങളിലും നല്ലൊരു ശതമാനം ഒഴിവാക്കാൻ കഴിയുമായിരുന്നു.

നമ്മുടെ യുവാക്കളെ കാത്തിരിക്കുന്ന മരണക്കെണികൾ പ്രധാനമായും മൂന്നുതരമാണ്. ഒന്നാമതായി മദ്യവും മയക്കുമരുന്നും മാടിവിളിക്കുന്ന ലഹരിയുടെ കെണി. രണ്ടാമതായി നിരീശ്വരവാദവും യുക്തിവാദവും അതിരുകടന്ന ലിബറലിസവും ഒരുക്കുന്ന കെണി. മൂന്നാമത്തെ കെണി നമ്മുടെ പെൺകുട്ടികളുടെ ജീവിതവും അവരുടെ കുടുംബത്തിലെ സമാധാനവും സമൂഹത്തിലെ ഐക്യതയും തകർക്കുന്ന പ്രണയക്കെണിയാണ്. ഈ മൂന്നുതരം കെണികളെക്കുറിച്ചും ആ കെണികൾ ഒരുക്കുന്ന ആകർഷണത്തെക്കുറിച്ചും അത് തിരിച്ചറിഞ്ഞ് ഒഴിഞ്ഞുമാറുന്നതിനെക്കുറിച്ചുമെല്ലാം കഴിഞ്ഞ അനേക വർഷങ്ങളായി ഈയുള്ളവൻ ക്ലാസ്സുകൾ എടുക്കുകയും നമ്മുടെ മാസികകളിൽ എഴുതുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ഇത്രയൊക്കെ ബോധവൽക്കരണം നടത്തിയിട്ടും നമ്മുടെ മക്കളിൽ ചിലർ ലഹരി ഉപയോഗത്തിലേക്കും മറ്റു ചിലർ പ്രണയക്കെണിയിലും കുടുങ്ങിപ്പോകുന്നത് വേദനയോടെ നോക്കി നിന്നിട്ടുണ്ട്. എന്റെ നിരീക്ഷണത്തിലും കൗൺസലിംഗ് അനുഭവങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത് നമ്മുടെ കുട്ടികൾ ഇത്തരം കെണികളിൽ ചെന്നു വീഴുന്നതിന്റെ പ്രധാന കാരണം കെണികളെക്കുറിച്ചുള്ള അവരുടെ ബോധ്യം ഇല്ലായ്മയാണ് എന്നാണ്. കെണി ഒരുക്കുന്നവർ വളരെ തന്ത്രപൂർവ്വം ഘട്ടം ഘട്ടം ആയിട്ടാണ് യുവാക്കളെ വീഴ്ത്തുന്നത്. കെണിയിൽ വീഴുവാൻ ഞങ്ങൾ എന്താ എലികളാണോ എന്നാണ്. ഇതൊക്കെ കേൾക്കുമ്പോൾ യുവാക്കൾക്ക് സാധാരണ ഗതിയിൽ മനസ്സിൽ തോന്നുന്നത്. എന്റെ പറമ്പിലെ ചേമ്പും ചേനയും നശിപ്പിക്കുന്ന അനേകം പെരുച്ചാഴികളെ ഞങ്ങൾ കെണിവെച്ചു പിടിച്ചിട്ടുണ്ട്. ഇന്നുവരെയും കെണിയിൽ വീണ ഒരു പെരുച്ചാഴിയും രക്ഷപ്പെട്ടിട്ടില്ല. കെണിയിൽ വീണ് ശ്വാസംമുട്ടി കണ്ണുതുറിച്ച് ചത്തുകിടക്കുന്ന അവയെ കാണുമ്പോൾ കെണികളിൽ വീണ് നരകജീവിതം നയിക്കുന്ന യുവാക്കളെക്കുറിച്ച് ഞാൻ ഓർത്തുപോകാറുണ്ട്. എലികളെ കെണിയിലേക്ക് ആകർഷിക്കുവാൻ തേങ്ങാപൂൾ ചുട്ട് കെണിയിൽ വെക്കാറുണ്ട്. അതിന്റെ നല്ല മണം ആസ്വദിച്ച് എത്തുന്ന എലിയുടെ ഭാവി പോലെയാണ് പലപ്പോഴും നമ്മുടെ യുവാക്കളുടെ ഗതിയും. ഇരയുടെ സ്വഭാവവും ശക്തിയും വലിപ്പവും അനുസരിച്ച് പലതരം കെണികൾ നിലവിലുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കെണിയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കട്ടെ. നമ്മുടെ ആദ്യ മാതാവായ ഹവ്വയെ പിശാച് വീഴ്ത്തിയത് പ്രലോഭനം എന്ന കെണി ഒരുക്കിയാണ്. ദൈവം വിലക്കിയ വൃക്ഷഫലം

തിന്നാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ആയിട്ട് ഹവ്വയ്ക്ക് തോന്നിച്ചു. ഈ വൃക്ഷഫലം തിന്നാൽ നിങ്ങൾ ദൈവത്തെപ്പോലെ ആകും എന്ന പിശാചിന്റെ പ്രലോഭനത്തിൽ ഹവ്വ വീണുപോയി.

നമുക്ക് ചുറ്റിലുമുള്ള എത്രയോ പെൺകുട്ടികളാണ് സാമൂഹ്യദ്രോഹികളുടെയും, തീവ്രവാദികളുടെയും പ്രലോഭനത്തിൽപ്പെട്ട് ജീവിതം നരകതുല്യമാക്കിയത്. പെൺകുട്ടികൾക്ക് തിരിച്ചറിയാൻ കഴിയാത്ത നിഗൂഢ ലക്ഷ്യങ്ങളുമായി അവരെ സമീപിക്കുന്ന പുരുഷന്മാരുടെ പ്രലോഭനത്തിൽ പെൺകുട്ടികൾ വീണുപോകുന്നു. ഞങ്ങളുടെ ഭാവി സംരക്ഷിക്കുവാൻ ഞങ്ങൾക്കറിയാം, ഞങ്ങൾക്കാവശ്യമായ അറിവുണ്ട്, പ്രലോഭനങ്ങളിൽ ഒന്നും ഞങ്ങൾ വീഴുകയില്ല എന്ന് പറയുന്ന പെൺകുട്ടികളെ ഓർമ്മപ്പെടുത്താൻ വേണ്ടി തമിഴ്നാട്ടിലെ ഒരു സ്മാർട്ട് യുവാവിന്റെ കാര്യം കുറിക്കുന്നു. തന്റെ വാക് ചാതുര്യവും, സ്മാർട്ട്നസും സൗന്ദര്യവുമെല്ലാം മുതലാക്കി 200 ൽ അധികം പെൺകുട്ടികളെ ആ എം.ബി.എ.ക്കാരൻ പയ്യൻ വലയിലാക്കിയ വിവരം പത്രത്തിൽ വാർത്തയായി വന്നതാണ്. അതിൽ അമ്പതോളം പേരുടെ മാനം മാത്രമല്ല സമ്പത്തും അയാൾ തട്ടിയെടുത്തു. ഇക്കൂട്ടത്തിൽ ഡോക്ടർമാരും അധ്യാപികമാരുമെല്ലാം ഉണ്ട്.

ഇത്തരം പ്രണയ കെണിയിൽ പെടുന്ന പെൺകുട്ടികളെയും ലഹരിയുടെ കെണിയിൽ പെടുന്ന ആൺകുട്ടികളെയും രക്ഷിച്ചെടുക്കുവാൻ നമുക്ക് എന്ത് ചെയ്യാൻ കഴിയും? കൗൺസലിംഗ് ബോധവൽക്കരണ ക്ലാസ്സുകൾ നമ്മുടെ മക്കൾക്ക് നിർബ്ബന്ധമായും ഏർപ്പെടുത്തണം.നമ്മുടെ സഭകളിൽ യുവാക്കളുടെ എണ്ണം പല കാരണങ്ങൾ കൊണ്ടും വളരെ കുറവാണ്. ബാക്കി ഉള്ളവർ ഇത്തരം കെണിയിൽ പെട്ടുപോയാൽ ആ കുടുംബത്തിന്റെയും സഭയുടെയും സ്ഥിതി എന്താകും? ഇക്കാര്യങ്ങളിൽ ഒന്നും നമ്മുടെ സഭാ നേതൃത്വവും ശുശ്രൂഷകന്മാരും വേണ്ടത്ര ബോധവാന്മാരല്ല എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഈ വിഷയത്തിൽ ഒരു ഒറ്റയാൾ പോരാട്ടം ആണ് നടത്തുന്നത് എന്ന് എനിക്ക് പലപ്പോഴും നിരാശ തോന്നിയിട്ടുണ്ടെങ്കിലും ചില കുടുംബങ്ങളെ എങ്കിലും സമ്പൂർണ്ണ നാശത്തിൽ നിന്നും കരകയറ്റുവാൻ ഈയുള്ളവനെ ദൈവം ഉപയോഗിച്ചു എന്ന് നന്ദിയോടെ ഓർക്കുന്നു. നമ്മുടെ മക്കൾക്ക് എൻട്രൻസ് കോച്ചിങ്ങിനേക്കാളും, ട്യൂഷൻ ക്ലാസ്സിനേക്കാളും പ്രധാനപ്പെട്ടതാണ് കൗൺസലിംഗ് ക്ലാസ്സുകൾ എന്ന് നാം ഇനി എന്നാണ് തിരിച്ചറിയുന്നത്? നമ്മുടെ ഫാമിലി സെമിനാറുകളിലും യുവജന ക്യാമ്പുകളിലും ഇത്തരം കെണികളെക്കുറിച്ചും അതിൽ നിന്ന് എങ്ങനെ ഒഴിഞ്ഞുമാറാമെന്നതിനെക്കുറിച്ചും വ്യക്തവും കൃത്യവുമായ ക്ലാസ്സുകൾ നല്കേണ്ടതാണ്. തുടർന്നുള്ള ലക്കങ്ങളിൽ ഇത്തരം കെണികളെ എങ്ങനെ തിരിച്ചറിയാമെന്നും അതിൽ നിന്ന് എങ്ങനെ ഒഴിഞ്ഞുമാറാമെന്നും നമുക്ക് ചർച്ച ചെയ്യാം. കൗൺസലിങ്ങ് ക്ലാസ്സുകൾ ആവശ്യമുള്ള സഭകളും സെന്ററുകളും (കവറിന്റെ ഘനത്തെക്കുറിച്ച് ഭാരപ്പെടേണ്ട കാര്യമില്ല) വിളിക്കണമേ.

**പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ**

# ചുവന്ന ബോർഡർ സാരി

**സാ**രിക്ക് മാച്ചു ചെയ്യുന്ന ബ്ലൗസ് ധരിക്കണം. നിറം മാത്രം പോരാ പ്രിന്റും അനുയോജ്യമാകണം. സാരിയുടെ ബോർഡർ പോലെ തന്നെ ആയിരിക്കണം ബ്ലൗസിന്റെ കൈയുടെ ബോർഡറും. സ്ത്രീകൾ ഷോപ്പിംഗിനു വന്നാൽ ചിലപ്പോൾ ക്ഷമ പരീക്ഷിക്കപ്പെടും. ഷോകേസിലിരിക്കുന്നതും മുഴുവനും വലിച്ചിട്ട് നോക്കിയാലും ചിലർക്ക് തൃപ്തി വരികയില്ല. "എന്റെ സുഹൃത്ത് സുകു ഒരിക്കൽ എന്നോട് പറഞ്ഞതാണിത്. അദ്ദേഹം ഒരു ജൗളിക്കടയുടമയാണ്. വാങ്ങുന്നവരുടെ മനഃശാസ്ത്രവും അഭിരുചിയും നന്നായി മനസ്സിലാക്കിയിട്ടുള്ള ജൗളിവ്യാപാരത്തിലെ ഒരു വൻ തോക്കാണയാൾ. "എന്നാൽ പുരുഷന്മാർ അത്രയും നിർബ്ബന്ധക്കാരല്ല. തെരഞ്ഞെടുക്കുന്നതിലും അവർ വേഗതയുള്ളവരാണ്. പക്ഷേ പുരുഷന്മാർ ധരിക്കുന്ന വസ്ത്രത്തിന്റെ കാര്യത്തിലും ഇന്ന് തീരുമാനം പലപ്പോഴും സ്ത്രീകളുടേതാണ്" എന്റെ സുഹൃത്തു പറഞ്ഞു തന്ന അനുഭവപാഠമാണിത്.

ചില പ്രത്യേക ഉദ്യോഗത്തിന് പ്രത്യേക വസ്ത്രം ഉണ്ടായിരിക്കണം. അവരെ തിരിച്ചറിയുവാനും അധികാരം ഗൗരവബോധത്തോടെ പ്രയോഗിക്കുന്നതിനും ഉദ്യോഗസ്ഥവൃന്ദം പദവികളനുസരിച്ച് മര്യാദയും മാന്യതയും കാണിക്കുവാനും ഇതാവശ്യമാണ്. ഇന്ന് യൂണിഫോം സ്ക്കൂൾ മുതൽ ജയിൽ വരെ എത്തിയിട്ടുണ്ട്. ആശുപത്രിയിലും, അനാഥശാലയിലും, പട്ടാളക്കാരനും, പാതിരിക്കും, നേഴ്സിനും, തൂപ്പുകാരനും, പൈലറ്റിനും, ഓട്ടോ ഡ്രൈവർക്കും, പോർട്ടർക്കും, പോലീസുകാരനും, വക്കീലിനും, തോട്ടിയ്ക്കുമുണ്ട് യൂണിഫോം. സമത്വത്തിന്റെ ബാഹ്യ അടയാളമായിട്ട് ഇതിനെ ചിലർ വ്യാഖ്യാനിക്കുന്നു. ചില യൂണിഫോം ധരിച്ചവരെ നാം വെറുപ്പോടെയും താഴ്ന്ന തരത്തിലും നോക്കുന്നു. ചില യൂണിഫോം ചിലരുടെ പരിമിതികളെ കാണിക്കുന്നു. ജയിലിലെ അന്തേവാസികളും യൂണിഫോം ധരിച്ചേ മതിയാകൂ. അധിക രാജ്യങ്ങളിലും ജീവപര്യന്തക്കാരനും രണ്ടു വർഷക്കാരനും ഇതു ധരിക്കണം. മോഷണക്കാരനും കൊലക്കേസുകാരനും ബലാൽസംഗക്കാരനും പിടിച്ചുപറിക്കാരനും ധരിച്ചേ മതിയാകൂ. തടവുകാർ ജയിലിലെ നെയ്ത്തു ശാലയിൽ നെയ്തുണ്ടാക്കുന്ന തുണി, തടവുകാർ തന്നെ തയ്ക്കുന്ന ഉടുപ്പുകൾ. ഞാനൊരു തടവുകാരനാണ്, കുറ്റവാളിയാണ്, ശിക്ഷയിലാണ്, സ്വതന്ത്രനല്ല ഇങ്ങനെ നിരവധി കാര്യങ്ങൾ മൗനമായി ഈ വസ്ത്രം അവനെ

ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ
**"തടവുകാരെ തേടി"**
എന്ന പുസ്തകത്തിൽ നിന്നും

ഓർമ്മിപ്പിച്ചു കൊണ്ടിരിക്കുന്നു. നാണക്കേടിന്റെ വസ്ത്രമാണിത്. ശിക്ഷയുടെ കാലാവധി തീരുമ്പോഴേ ഈ വസ്ത്രം മാറ്റുവാൻ നിയമം അനുവദിക്കുകയുള്ളൂ. ജയിലിലെ ഉദ്യോഗസ്ഥന്മാരുടെ യൂണിഫോം ഇസ്തിരിയിട്ടു കൊടുക്കുന്ന തടവുകാരന് അവന്റെ വസ്ത്രം ഇസ്തിരിയിടുവാൻ വകുപ്പില്ല. അവകാശമില്ല.

ജയിലുകളിലെ സ്ത്രീ തടവുകാർക്കും യൂണിഫോം ഉണ്ട്. പല സംസ്ഥാനങ്ങളിലെ ജയിലുകളിലും കാണുന്ന കാഴ്ചയാണ്. ആന്ധ്രയിലെ രാജമുന്ദ്രി സെൻട്രൽ ജയിലിലെ വനിതാ ബ്ലോക്കിൽ പോയി തടവുകാരെ കാണുവാനും അവരോടു പ്രസംഗിക്കുവാനും എനിക്ക് അവസരം കിട്ടി. ഡപ്യൂട്ടി ജയിലർ സരോജിനി ഞങ്ങളെ ആദരവോടെ സ്വീകരിച്ചു. ജീവപര്യന്തം അനുഭവിക്കുന്ന 20 സ്ത്രീകൾ അവിടുണ്ടായിരുന്നു. ഞങ്ങൾ വാർഡിൽ എത്തിയപ്പോൾ ശ്രീമതി രാജരത്നം അവിടെ 32-ാം സങ്കീർത്തനം അടിസ്ഥാനമാക്കി ബൈബിൾ ക്ലാസ് എടുക്കുകയായിരുന്നു.

‘ലംഘനം ക്ഷമിച്ചും പാപം മറച്ചും
കിട്ടിയവൻ ഭാഗ്യവാൻ
യഹോവ അകൃത്യം കണക്കിടാതെയും
ആത്മാവിൽ കപടം ഇല്ലാതെയും
ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ”

അന്നത്തെ പഠനഭാഗം ഇതായിരുന്നു. 60-ലേക്ക് കടന്ന ആ മാന്യ സ്ത്രീരത്നം ഞായറാഴ്ചതോറും വന്ന് ആ വാർഡിൽ രണ്ട് മണിക്കൂർ ബൈബിൾ സ്റ്റഡിയും പ്രാർത്ഥനയും നടത്തുന്നുണ്ടെന്നറിഞ്ഞപ്പോൾ ഞാൻ വളരെ ആഹ്ലാദിച്ചു. 14 വർഷം മുമ്പ് ചെറുതായി ആരംഭിച്ച പരിപാടി ഇന്ന് വളരെ വളരുവാൻ ഉടയവൻ പ്രസാദിച്ചു. ഞങ്ങൾ ചെന്നയുടനെ ശ്രീമതി ക്ലാസ് ഉപസംഹരിച്ചു. ഞങ്ങളെ അവർക്കു പരിചയപ്പെടുത്തി. ഞങ്ങൾ ഓരോരുത്തരുടെയും പേരുകൾ ചോദിച്ചു. എല്ലാം ആന്ധ്രാക്കാർ തന്നെ. 14 വർഷം മുമ്പ് ഞാൻ പഠിച്ച തെലുങ്കിലെ കുശലപ്രശ്ന സംസാരം വിക്കിയും തെറ്റിച്ചും പറഞ്ഞൊപ്പിച്ച് തടവുകാരുമായി ആശയവിനിമയബന്ധം സ്ഥാപിക്കുവാനുതകി.

“ഞങ്ങൾക്കുള്ളിൽ 16 പേർ കൊലക്കേസിൽ വന്നവരാണ്. കുഞ്ഞിനെ കൊന്നവൾ, ഭർത്താവിനെ കൊന്നവൾ, കാമുകനെ കൊന്നവൾ, അപ്പനെ കൊന്നവൾ ഇതെല്ലാം ജീവപര്യന്തക്കാരാണ്”. ഡപ്യൂട്ടി ജയിലർ എനിക്കു പറഞ്ഞു തന്നു. അതുവേണ്ടായിരുന്നുവെന്ന് എനിക്ക് തോന്നി. കാരണം അതു കേൾക്കുമ്പോൾ ചിലർ കണ്ണീരൊപ്പുന്നതും ചിലർ ഏങ്ങലടിക്കുന്നതും ഞാൻ കണ്ടു. എന്റെ തൊട്ടു മുമ്പിലിരിക്കുന്ന സാവിത്രിയുടെ മുഖം എനിക്കു മറക്കുവാൻ കഴിയുന്നില്ല. അവളാണ് വളരെ സമയം കരഞ്ഞത്. കാഴ്ചയിൽ 22 വയസ്സിലധികം തോന്നിക്കുകയില്ല. വെളുത്തു മെലിഞ്ഞ ശരീരം അവൾ സാരിയുടെ ബോർഡറിൽ കൂടി കൈവിരൽ ശക്തിയോടെ ഓടിക്കുന്നുണ്ടായിരുന്നു.

അവളുടെ സാരിയുടെ ബോർഡർ ചുവന്നതായിരുന്നു. പച്ചയും നീലയും ബോർഡർ സാരി ധരിച്ചവരും ഉണ്ടായിരുന്നു. 'സാറേ ചുവന്ന ബോർഡർ സാരി ധരിച്ചവരെല്ലാം ജീവപര്യന്തക്കാരാണ്'. 20 വർഷം വരെ ഇവിടെ കിടന്നേ മതിയാവൂ." ആ സദസ്സിനോട് എന്തെങ്കിലും പറയുവാൻ ഞാൻ ശക്തി സംഭരിക്കേണ്ടിയിരിക്കുന്നു. എന്റെ സഹപ്രവർത്തകനായ മിത്ര തെലുങ്കിൽ വളരെ ലളിതമായി അവരുടെ പഠനഭാഗത്തെ ആസ്പദമാക്കി 20 മിനിട്ട് സംസാരിച്ചു. പ്രാർത്ഥിക്കുവാൻ ആഹ്വാനം നല്കിയിട്ട് അദ്ദേഹം അവിടെത്തന്നെ സിമന്റു തറയിൽ മുട്ടുമടക്കി. തുടർന്ന് എല്ലാ തടവുകാരും അതുതന്നെ ചെയ്തു. ഉദ്യോഗസ്ഥകളിൽ ചിലർ സാരി വലിച്ച് തലയിലിട്ടു. അടുത്തു നിന്ന ആരിവേപ്പിൻ മരത്തിന്റെ അടിയിലത്തെ കമ്പിൽ ഒരു പെൺമയിൽ വന്ന് ഇരുപ്പുറപ്പിച്ചു. അധികം വൈകാതെ ഓരാൺമയിലും.

സഹോ. മിത്രയുടെ കൂടെ പല തടവുകാരും പ്രാർത്ഥിക്കുന്നതു കേൾക്കാമായിരുന്നു. പാപപരിഹാരത്തിനായി രക്ഷിതാവായ യേശുവിനോടുള്ള പ്രാർത്ഥനയും ഏറ്റുപറച്ചിലുമായിരുന്നു അത്. പ്രാർത്ഥിക്കുമ്പോഴും സാവിത്രി കരയുന്നുണ്ടായിരുന്നു. എനിക്കവളോട് സംസാരിക്കണമെന്നുണ്ടായിരുന്നു. അവൾ തെലുങ്കുമാത്രം അറിയാവുന്ന സ്ത്രീയാണ്. ഒരു ഉദ്യോഗസ്ഥയുടെ സഹായത്തോടെ ഞാൻ 15 മിനിട്ട് സാവിത്രിയുമായി സംസാരിച്ചു. മറക്കാൻ കഴിയാത്ത സംഭാഷണം. പാപത്തിന്റെ ഭാരം-കുറ്റബോധത്തിന്റെ ഘനം എത്ര ഭീകരം. അവരുടെ വാക്കുകൾക്കിടയിൽ ഗദ്ഗദവും കണ്ണീരും ധാരാളം. മിത്ര വേറെ ചില സ്ത്രീകളുമായി സംസാരിക്കുകയായിരുന്നു.

ആ ജയിൽ ബ്ലോക്കിന്റെ മുമ്പിൽ നല്ല ഒരു പുന്തോട്ടമുണ്ട്. വിവിധ നിറത്തിലുള്ള പുഷ്പങ്ങൾ. ചെമ്പരത്തി രണ്ട് നിറങ്ങളിൽ, റോസ, വാടാമുല്ല, ബന്തി എന്നിവ നിറയെ പൂക്കൾ. അതാ ആ പൂച്ചെടികൾക്കിടയിലൂടെ രണ്ട് ചെറിയ ജീവിതങ്ങൾ ഓടി നടക്കുന്നു. എന്തിന്റെയോ പിന്നാലെ. ആ ജയിലിലെ നിരപരാധികളായ രണ്ടു തടവുകാർ. 2 വയസ്സായ രാമണ്ണയും 3 വയസ്സായ ജഗദമ്മ.

"സാറേ ഞാൻ ചെയ്തത് കൊലപാതകമാണ്. ചെയ്യാൻ പാടില്ലായിരുന്നു. പക്ഷെ ചെയ്തുപോയി. ഞാൻ യേശുവിനോട് ക്ഷമ ചോദിച്ചു പ്രാർത്ഥിച്ചു. എന്റെ ഹൃദയത്തിന് തെല്ലൊരാശ്വാസം തോന്നുന്നു. ഭാരം ഇറക്കി വച്ച പ്രതീതി. ഇതാ സാറേ ഈ സാരി നോക്കുക. ഈ ചുവന്ന ബോർഡർ സാരി എപ്പോഴും എന്നെ കുത്തി മുറിവേല്പ്പിക്കുന്നു. നീ കൊലപാതകിയാണ്. നീ ജീവപര്യന്തം ജയിലിൽ കിടക്കണം. അതാ വെയിലത്തു കിടക്കുന്നു എന്റെ മറ്റൊരു സാരി. അലക്കി ഇട്ടിരിക്കയാണ്. അതിലെ ചുവന്ന ബോർഡർ എന്നെ നോക്കി പല്ലിളിക്കുന്നു. കൊലപാതകി, കിടക്കവിടെ 20 വർഷം. മനസ്സിൽ നിന്നും കഴിഞ്ഞ കൊലപാതകം ചിലപ്പോഴെല്ലാം ഓടിയൊളിക്കുന്നുണ്ട് - മറവിയെ നിനക്കു നന്ദി - പക്ഷെ ആ ചുവന്ന ബോർഡർ ഓർമ്മിപ്പിക്കുകയാണ് എന്നും

എപ്പോഴും ഞാൻ കൊല ചെയ്തവളെന്ന്. ഇതുവേണോ സാറേ? സർക്കാരിൽ പറഞ്ഞാൽ ജീവപര്യന്തം ഹൃദയം മുറിക്കുന്ന ഈ ചുവന്ന ബോർഡറുള്ള സാരി ധരിക്കണമെന്നുള്ള നിയമം മാറ്റി എഴുതരുതോ?".

രണ്ടിനാലും ഞെരുങ്ങുന്ന സാവിത്രിയുമായി ഞാനും മിത്രയും കുറെ സമയം സംസാരിച്ചു. പാപം വരുത്തിയ ചുവന്ന പാടുകളെ മൂടിക്കളയുവാൻ, കഴുകിക്കളയുവാൻ ക്രൂശിൽ ചൊരിഞ്ഞ രക്തത്തിനു കഴിയുമെന്നും പാപം വരുത്തിയ നഗ്നതയെ മറവുചെയ്യുവാൻ ക്രൂശിൽ നെയ്ത നീതിയുടെ വസ്ത്രം യേശുക്രിസ്തു നിന്നെ ധരിപ്പിക്കും എന്നു പറഞ്ഞ് ധൈര്യപ്പെടുത്തി.

അപ്പോഴേക്കും "അമ്മേ" എന്ന വിളിയോടെ രാമണ്ണ ഓടി വന്നിരിക്കുന്നു. അവൻ എന്റെ കാലിൽ പിടിച്ചു നില്ക്കുകയാണ്. കൈയിൽ ഒരു തുമ്പിയുണ്ട്. അതിന്റെ പുറകെ ആയിരുന്നു തോട്ടത്തിലെ അവന്റെ ഓട്ടം.

സാവിത്രിയുടെ കരഞ്ഞു കലങ്ങിയ കണ്ണുകളും അവളുടെ വെളുത്ത സാരിയുടെ ചുവന്ന ബോർഡറും മറക്കുവാൻ ഞാൻ ശ്രമിക്കുന്തോറും അവൾ പറഞ്ഞ വാക്കുകൾ ഓർമ്മയിൽ ഓടി എത്തുന്നു. "സാറേ ഈ ചുവന്ന ബോർഡറുള്ള സാരി ഞാൻ 20 വർഷം ധരിക്കണം" അതെ ജീവപര്യന്തം.

**ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം**

## Quest 88-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ലീലാമ്മ ഇസാക്കി, കൊല്ലം
2. ബ്ലെസി കെ. ശാമൂവേൽ, പത്തനംതിട്ട
3. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
4. ഡെയ്സി ബിജോയ് ജോൺസ്, ഇടപ്പള്ളി, കൊച്ചി
5. മോളിക്കുട്ടി ചാക്കോ, കണ്ണൂർ
6. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
7. സൂസമ്മ എബ്രഹാം, കോത്തല, കോട്ടയം
8. ജോയമ്മ സാംസൺ, കൊല്ലം
9. എൽസി തോമസ്സ്, മീൻതുള്ളി, കണ്ണൂർ
10. സൂസൻ തോമസ്സ്, പട്ടം, തിരുവനന്തപുരം
11. ലൈസ സാമുവേൽ, മുംബൈ
12. ലീല കെ.വി. പുളിയ്ക്കൽ കവല, കോട്ടയം
13. അന്നമ്മ എബ്രഹാം, പെരുമന്നൂർ, കൊച്ചി

**ക്വിസ്റ്റ് 88-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.**
**വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ**
**ക്വിസ് മാസ്റ്റർ**

# പ്രശ്നങ്ങളെ അഭിമുഖീകരിക്കുക

**കു**ടുംബജീവിതത്തിലുണ്ടാകുന്ന പ്രയാസങ്ങളും പ്രശ്നങ്ങളും അഭിമുഖീകരിച്ച് വിജയം വരിക്കുക എന്നത് ഗൗരവമേറിയ ഒരു ആത്മീയ വെല്ലുവിളിയാണ്. എന്നാൽ പലപ്പോഴും പ്രശ്നങ്ങൾ വിശ്വാസകുടുംബങ്ങളെ പരാജയപ്പെടുത്തുന്ന കാഴ്ചയാണ് നാം കാണുന്നത്. പരാജയത്തിന്റെ കാരണം സാത്താനാണ് എന്നു പറഞ്ഞ് വിശ്വാസികൾ രക്ഷപ്പെടാറുണ്ട്. ഈ പരാജയങ്ങളുടെ പുറകിൽ സാത്താന്യ ശക്തികൾ ഉണ്ട് എന്നതിൽ തർക്കമില്ല. എന്നാൽ നമ്മുടെ ജീവിതത്തിലും പ്രത്യേകിച്ച് കുടുംബജീവിതത്തിലും സാത്താന് കൈകടത്താനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്നത് നമ്മുടെ ജഡം അഥവാ പ്രാകൃത മനുഷ്യൻ തന്നെയാകുന്നു. നമ്മുടെ ജഡിക സ്വഭാവത്തിന്മേൽ ആത്മീയ വിജയത്തിനായി കൊടുക്കേണ്ട വില നാം കൊടുക്കാതിരിക്കുമ്പോഴാണ് നമ്മുടെ ആത്മീയജീവിതവും കുടുംബജീവിതവും പരാജയപ്പെടുന്നത്. ദമ്പതികൾ അവരുടെ ജഡിക/പ്രാകൃത സ്വഭാവങ്ങൾ അതിന്റെ തീവ്രതയിൽ തങ്ങളുടെ ജീവിതത്തിൽ പ്രവർത്തിക്കാൻ അനുവദിക്കുമ്പോൾ കുടുംബജീവിതം പരാജയമായിരിക്കും ഫലം. ഭാര്യാഭർത്താക്കന്മാർ ജഡികായുധങ്ങളെടുത്ത് രഹസ്യമായും പരസ്യമായും യുദ്ധം ചെയ്യുമ്പോൾ ആത്മികമായി അവർ ദയനീയമായി പരാജയപ്പെടുന്ന കാഴ്ച കാണാം. അങ്ങനെ ഈ ജഡിക യുദ്ധത്തിൽ രണ്ടുപേരും ആഴമായി മുഴിവേല്ക്കുന്നു. മുറിവിന്റെ ആഴം അനുസരിച്ച് മുറിവുണങ്ങാൻ ഏറെ സമയം വേണ്ടി വരുന്നു. മുറിവുകൾ വലിയ വടുക്കൾ ശേഷിപ്പിക്കുന്നു. പിന്നീടുള്ള യുദ്ധങ്ങൾക്ക് ഈ മുറിവുകളും വടുക്കളും വഴിമരുന്നായിത്തീരുന്നു. ഈ മുറിവുകളും വടുക്കളുമാണ് ഹൃദയങ്ങൾ അകലാനുള്ള അടിത്തറ പാകുന്നത്. വാക്കുകളും ചേഷ്ടകളും നോട്ടങ്ങളും തുടർന്നുള്ള പ്രവൃത്തിയാലും ഒക്കെ ദമ്പതികൾ തമ്മിൽത്തമ്മിൽ മുറിവുകളുണ്ടാക്കാറുണ്ട്.

**ജഡികായുധങ്ങൾ:** ജഡികായുധങ്ങളുടെ നീണ്ടപട്ടിക പുതിയനിയമം നമ്മുടെ മുമ്പിൽ നിരത്തിവയ്ക്കുന്നുണ്ട്. ഈ ആയുധങ്ങൾ ഹൃദയം നിറഞ്ഞ് കവിയുമ്പോഴാണല്ലോ അത് പ്രവൃത്തികളിലും വാക്കുകളിലും കൂടി കടത്തിവിട്ട് ദമ്പതികൾ തമ്മിൽത്തമ്മിൽ പ്രയോഗിക്കുന്നത് (കൊലൊ. 3:3-25; എഫെ. 4:17-5:25). നാം നമ്മുടെ ഹൃദയത്തിൽ ഗൂഢമായി വളർത്തിയെടുക്കുന്നവയും ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാത്തവയും ക്രൂശിച്ചു കൊന്നുകുഴിച്ചുമൂടാത്തവയുമാണ് ഈ ജഡികായുധങ്ങൾ എന്നു നാം ഭയത്തോടെ ഓർത്തിരിക്കണം. ഇവയാണ് ദൈവം നമുക്കു സമ്മാനമായി തന്ന ജീവിതപങ്കാളി

ഡോ. ഉമ്മൻ ഫിലിപ്പ് എഴുതിയ
**"സന്തുഷ്ട ക്രിസ്തീയ കുടുംബം"**
എന്ന പുസ്തകത്തിൽ നിന്നും

കൾക്കെതിരായി നാം ഉപയോഗിക്കുന്നത് എന്നു നാം നടുക്കത്തോടെ ഓർത്തിരിക്കേണ്ടതാണ്. ഈ ആയുധങ്ങൾ ഉപയോഗിക്കുന്നവർക്കെല്ലാം ദൈവശിക്ഷ ഉണ്ടാകുമെന്നും ഈ ശിക്ഷ ഭൂമിയിൽവച്ചുതന്നെ ലഭിക്കും എന്നും നാം ഓർത്തുകൊള്ളണം.

വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ജഢികായുധങ്ങളെ ഇങ്ങനെ സമാഹരിക്കാം. അസൂയ, പക, പിണക്കം കപടം, ദുഃശീലം, കുരള, നിഷ്ഠൂരത, ഗർവ്വ്, സ്വയംപ്രശംസ, വാത്സല്യമില്ലായ്മ, കനിവില്ലായ്മ, ദുർന്നടപ്പ്, അശുദ്ധി, ദുശ്ശാഠ്യം, ദുഷ്കാമം, ദുസ്സംശയം,ആകുല ചിന്ത, നിർഭയവിമർശനം, അക്ഷമ, നന്ദിയില്ലായ്മ, വൈരാഗ്യബുദ്ധി, ഹൃദയകാഠിന്യം, ഡംഭ്, മനംതഴമ്പ്, മത്സര ഭാവം, വെറുപ്പ്, വിദ്വേഷം, കുറ്റം കണ്ടുപിടിക്കൽ, കുതന്ത്രം, അത്യാഗ്രഹം, വിടക്കുകണ്ണ്, നിഗളം, ഭോഗേച്ഛ, പരസ്പരവിശ്വാസമില്ലായ്മ ഇങ്ങനെ പോകുന്നു ഈ പട്ടിക (റോമർ 2; എഫെസ്യർ 4; ഗലാത്യർ 5; 2 തിമൊഥെയോസ് 3; യാക്കോബ് 3). ഇത്തരത്തിലുള്ള ജഢികസ്വഭാവങ്ങളും മനോഭാവങ്ങളും പല സമയത്തും വിവിധ അളവുകളിലും ആയുധമായി ഉപയോഗിക്കപ്പെടുമ്പോഴാണ് ദ്വന്ദയുദ്ധം അതിന്റെ പാരമ്യത്തിലെത്തിച്ചേരുന്നത്. അങ്ങനെ ദമ്പതികൾ ഇരുവരും കഠിനമായി മുറിവേല്ക്കുന്നു. അവരുടെ മക്കളും ബന്ധുക്കളും സഹവിശ്വാസികളും ഈ യുദ്ധത്തിൽ പ്രത്യക്ഷമായും പരോക്ഷമായും ഭാഗഭാക്കുകളാകുകയും ചിലപ്പോഴൊക്കെ മുറിവുകളുടെ ആഴം വർദ്ധിപ്പിക്കയും ചെയ്യാറുണ്ട്. അങ്ങനെ ദമ്പതികളും കുടുംബാംഗങ്ങളും വിശ്വാസികളും തീവ്രമായ മാനസിക അസ്വസ്ഥതകളും നിരാശയും അനുഭവിക്കാൻ ഇടയായിക്കൊണ്ടിരിക്കുന്നു. തത്ഫലമായി അവർ ഹൃദയം കൊണ്ട് അകന്നുകൊണ്ടിരിക്കും എന്നതിൽ അത്ഭുതത്തിന് വകയില്ല.

ജഢിക ആയുധങ്ങൾ കുടുംബജീവിതത്തിൽ എങ്ങനെയൊക്കെയാണ് സാധാരണ പ്രവർത്തിക്കുന്നത് എന്നു നോക്കാം.

**ഒന്നാമത്,** പങ്കാളിയിൽ നിന്നുള്ള അമിതവും അപ്രായോഗികവുമായ പ്രതീക്ഷകളും ഇവയുടെ പൂർത്തീകരണം സാധിക്കാതെ വരുമ്പോഴുള്ള ജഢിക പ്രതികരണങ്ങളും, ഇങ്ങനെയുണ്ടാകുന്ന അസംതൃപ്തിയും നിരാശയും മൂലം കോപം, ഈർഷ്യ; വെറുപ്പ്, വാദപ്രതിവാദങ്ങൾ, വിമർശനം, ശാപവാക്കുകൾ തുടങ്ങിയവയും അതിനനുസരിച്ചുള്ള ശരീരഭാഷയും ദമ്പതികളിൽ നിന്നുണ്ടാകുന്നു. ഇത് ഹൃദയത്തിൽ മുറിവുണ്ടാക്കാൻ ഇടവരുത്തും. പരസ്പര ക്ഷമാപണത്തോടെ ആത്മീയമായി ഇവ വേഗത്തിൽ പരിഹരിക്കപ്പെടുന്നില്ല എങ്കിൽ മുറിവുകൾ ഉണങ്ങാതെ മുന്നോട്ടുപോകുകയും ഹൃദയങ്ങൾ കൂടുതൽ അകലാൻ ഇടയാകുകയും ചെയ്യും.

**രണ്ടാമത്,** പൂർത്തീകരിക്കപ്പെടാത്ത ലൗകികാഭിലാഷങ്ങളും അമിത പ്രതീക്ഷകളും മൂലം പങ്കാളിയിൽ എന്തെങ്കിലും നന്മ കാണാനാകാതവണ്ണം ഉണ്ടാ

കുന്ന മാനസികവും ആത്മികവുമായ അന്ധത. ഇത്തരം അന്ധതമൂലം എന്തൊക്കെ ശുശ്രൂഷകൾ ചെയ്താലും, നന്മ ഉണ്ടായാലും, അത് കാണുവാനും അഭിനന്ദിക്കുവാനും, ശ്രമിക്കുന്നതിനു പകരം കുറ്റങ്ങളും കുറവുകളും പരാജയങ്ങളും അപര്യാപ്തതകളും കണ്ടുപിടിക്കാനുള്ള വ്യഗ്രത ദമ്പതികളിൽ വർദ്ധിച്ചുവരും. അവ വാക് യുദ്ധത്തിലും പ്രകോപനപരമായ പ്രവൃത്തികളിലും അവസാനിക്കും. ഇങ്ങനെ ദോഷൈകദൃക്കുകളാകുന്ന ദമ്പതികൾ നിരാശാബോധത്തിനും അതനുസരിച്ചു ജഢികയുദ്ധത്തിനും തുടർന്നും വശംവദരായി ത്തീർന്നാൽ അതിൽ അത്ഭുതപ്പെടാനില്ല.

**മൂന്നാമത്,** ദമ്പതികളിലുണ്ടാകുന്ന ഉന്നതഭാവവും നിഗളവും മൂലം ഒരു പങ്കാളി മറ്റെ വ്യക്തിയെക്കാൾ മെച്ചമാണ് എന്ന ചിന്ത ഉടലെടുക്കാൻ ഇടയാകാറുള്ളത് സാധാരണമാണ്. കുടുംബമഹിമ, വിദ്യാഭ്യാസയോഗ്യത, കഴിവുകൾ, വ്യക്തിത്വം, ബാഹ്യസൗന്ദര്യം, ധന-വേതന ഔന്നത്യം, പൊതുജനാഭിപ്രായം തുടങ്ങിയവ ഈ വ്യക്തികളെ കൂടുതൽ താഴ്മയുള്ളവരാക്കുന്നതിനുപകരം നിഗളികളാക്കുന്നതായി കണ്ടുവരാറുണ്ട്. ഇത് മനോഭാവം, മുഖഭാവം, വാക്കുകൾ, പ്രവൃത്തികൾ, പെരുമാറ്റം ഇവയിൽ അറിഞ്ഞും അറിയാതെയും പ്രതിഫലിച്ച് ഒരാൾ മറ്റെയാളിനെ താഴ്ത്തിക്കെട്ടാൻ ഇടയാകുന്നുണ്ട്. ഇത് ഭവനത്തിൽ മക്കളുടെയും ബന്ധുക്കളുടെയും മുമ്പിൽ വച്ച് പ്രകടിപ്പിക്കുക സർവ്വ സാധാരണമായി തീരുക പതിവാണ്. ചിലപ്പോൾ ഭവനത്തിന് പുറത്തും ഇത്തരം പ്രവണത കാണാറുണ്ട്. ഇതിന്റെ തീവ്രത അനുഭവിക്കുന്ന പങ്കാളിക്ക് ഇത് ദുഃഖവും അപകർഷതാബോധവും നിരാശയും ഉളവാക്കും. ജഢികമായ ഇത്തരം രീതികൾ ദമ്പതികൾക്കിടയിൽ ആഴമായ വിടവും ഹൃദയത്തിൽ വലിയ ആഘാതവും ഉണ്ടാക്കും. ഔന്നത്യചിന്ത, സ്വയനീതിയും, സ്വയസംതൃപ്തിയും ഒരാളിൽ ഉളവാക്കുമ്പോൾ മറുവശത്ത് കൂടുതൽ പരിത്യാജ്യം, അകൽച്ച, ഏകാന്തത, ദുഃഖം, ആഴമായ നിരാശ, വിഷാദരോഗം തുടങ്ങിയവ ഉളവാക്കും. അങ്ങനെ പങ്കാളിയിൽ വർദ്ധിച്ച അസംതൃപ്തിയും കടുത്ത നിരാശാബോധവും മാനസിക സമ്മർദ്ദവും ഉണ്ടാകാൻ ഇടവരും. ഇതെല്ലാം ആശയവിനിമയത്തിൽ ക്കൂടി ജഢത്തിന്റെ ആയുധങ്ങൾ കൂടുതലായി അന്യോന്യം ഉപയോഗിക്കാൻ ദമ്പതികളെ പ്രേരിപ്പിക്കും. അങ്ങനെ ഹൃദയങ്ങൾ അകലുകയും കുടുംബ ജീവിതം കൂടുതൽ തകർച്ചയിലേക്ക് നിപതിക്കയും ചെയ്യുന്നു.

**നാലാമത്,** പങ്കാളിയെ മറ്റു വ്യക്തികളുമായി താരതമ്യം ചെയ്തു കുറവുകൾ കണ്ടെത്താനും അത് പ്രത്യക്ഷമായും പരോക്ഷമായും പ്രകടിപ്പിക്കാനും ജഢികമാർഗ്ഗങ്ങൾ ദമ്പതികൾ ഉപയോഗിച്ചു പോകാറുണ്ട്. അങ്ങനെ അകൽച്ച കൂടുന്നതിനനുസരിച്ചു പങ്കാളിയിൽ ശാരീരികമോ മാനസികമോ ആയ അപര്യാപ്തതകൾ കൂടുതലായി ദർശിക്കാനിടയാകും. ഇതൊക്കെ സംഘർഷങ്ങൾക്കിടയിൽ ജഢിക മാർഗ്ഗങ്ങൾ വഴി അന്യോന്യം വിളിച്ചു പറയുകയും പ്രവൃത്തിയിൽ കാണിക്കുകയും ചെയ്തു പോകുന്നതായി കാണാം. ഇത്തരം പെരുമാറ്റങ്ങൾ വികാരത്തള്ളലിൽ ബന്ധുമിത്രാദികളുമായി പങ്കുവയ്ക്കുന്നവരും ഉണ്ട്.

അതുവഴി പ്രശ്നങ്ങളും പ്രയാസങ്ങളും വർദ്ധിച്ചു വരിക സാധാരണമാണ്.

**അഞ്ചാമത്,** കൂടുതൽ അകൽച്ച കൂടുതൽ അനാത്മികതയിലേക്കും വെറുപ്പി ലേക്കും നയിക്കുന്നതിന്റെ ഫലമായി വ്യക്തിപരമായ പ്രാർത്ഥന ദമ്പതികൾ ഒന്നിച്ചുള്ള പ്രാർത്ഥന, കുടുംബപ്രാർത്ഥന, വചനവായന ഇവ കുറഞ്ഞുവരു കയും ഇല്ലാതെ വരുകയും ചെയ്യുന്ന സ്ഥിതി അനേക കുടുംബങ്ങളിലുണ്ടാ കുന്നുണ്ട്. അങ്ങനെ ദാമ്പത്യ പ്രശ്നങ്ങൾ മക്കളിലേക്കും വ്യാപിക്കും. മാതാ പിതാക്കളുടെ ജഡിക യുദ്ധങ്ങൾ കണ്ടു മക്കൾ അന്ധാളിച്ചു പോകുകയാണ് പലയിടത്തും. ഒരുപക്ഷേ ഈ സമയത്തും ദമ്പതികളിൽ ചിലരെങ്കിലും സഭാ യോഗത്തിനു പോകുകയും തിരുവത്താഴത്തിൽ സംബന്ധിക്കുകയും ചെയ്തു പോരാറുമുണ്ട്. പ്രശ്നങ്ങൾ പുറത്തറിയാതിരിക്കാനുള്ള മാർഗ്ഗമായിട്ടാണ് പലരും ഇങ്ങനെ ഒളിച്ചുകളി നടത്തുന്നത്.

എന്തുകൊണ്ട് ഇങ്ങനെയൊക്കെ സംഭവിക്കുന്നു? അനാത്മീയത്തിന്റെ അതിപ്രസരമാണ് ഇതിന്റെയൊക്കെ പ്രധാനകാരണം എന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. ജഡം ക്രൂശിക്കപ്പെടാതെ ക്രിസ്തീയ കുടുംബത്തിൽ താണ്ഡവ മാടുന്നു. ദമ്പതികൾ അതിന് ജഡത്തെ അനുവദിക്കുന്നതിൽ പരസ്പരം മത്സ രിച്ചു മുന്നേറി ജയിക്കാൻ ശ്രമിക്കുന്നു. താഴ്മയില്ലാതെ സ്വയത്തെ ഉയർത്തി, താൻ ശരി എന്നും തനിക്ക് ജയിക്കണം എന്നും വിചാരിച്ച് ഓരോരുത്തരും പ്രവർത്തിക്കുന്നു. ചിലപ്പോഴൊക്കെ സ്വഭാവത്തിലെ പലവിധ വ്യക്തിത്വവൈ കല്യങ്ങൾക്കും കാരണം ശൈശവ-ബാല്യകാല അനുഭവങ്ങളാണ്. പല വൈക ല്യങ്ങളും മാതാപിതാക്കളിലും മറ്റു മുതിർന്നവരിലും ദർശിച്ചും ശ്രദ്ധിച്ചും പഠിച്ച മാതൃകാരഹിതമായ സ്വഭാവം, പെരുമാറ്റം, സ്വാധീനം ഇവയുടെ പരിണതഫലം ആയിരിക്കും. എന്തായാലും ഇതെല്ലാം മൂലം ദമ്പതികൾ ദൈവാത്മാവിനെ ദുഃഖിപ്പിച്ചും കെടുത്തുകളഞ്ഞും ജീവിച്ച് പരാജയത്തിന്റെ പടുകുഴിയിലേക്കു നിപതിക്കുന്ന കാഴ്ച കാണാം. അങ്ങനെ കുടുംബങ്ങൾ തകരുന്നു. അതോടെ കുടുംബാംഗങ്ങൾ ആത്മീയമായി ശിഥിലമായിത്തീരുന്നു എന്ന ദുഃഖസത്യം അവശേഷിക്കുന്നു.

ചില ദമ്പതികളെങ്കിലും സാഹചര്യങ്ങൾ ഒരുക്കുന്ന കെണിയിൽ വീഴു മ്പോഴാണ് പ്രശ്നങ്ങളിലേക്ക് സാവധാനത്തിൽ നിപതിക്കുകയാണ് എന്നു മന സ്സിലാക്കുന്നത്. എന്നാൽ സാഹചര്യങ്ങൾക്കനുസരിച്ച് ദൈവമക്കൾ ചാഞ്ചാ ടുന്നത് അവരുടെ അനാത്മീയത്വവും, ആത്മീയ അന്ധതയും, ജഡികമായ വ്യക്തിത്വപ്രശ്നങ്ങളും, സ്വഭാവ-പെരുമാറ്റ വൈകല്യങ്ങളും പക്വത ഇല്ലാ യ്മയും കാരണമാണ് എന്നവർ മനസ്സിലാക്കുന്നില്ല. ഇവിടെയെല്ലാം ജഡത്തി ന്റെമേലുള്ള ആത്മാവിന്റെ വിജയമാണ് അടിസ്ഥാനമായ പ്രശ്നപരിഹാരം.

ദൈവാത്മാവിന്റെ സഹായത്തോടെ ദമ്പതികൾക്കു പരിഹരിക്കാവുന്ന മറ്റുകാരണങ്ങളും ദാമ്പത്യജീവിതത്തിൽ പ്രത്യക്ഷത്തിൽ കാണാറുണ്ട്. അവയും വിശേഷവിധിയായി മനസ്സിലാക്കുവാൻ ആവശ്യമുണ്ട്.

**ഡോ. ഉമ്മൻ ഫിലിപ്പ്, കാനഡ**

# Good News Ministries Distinguished Writer's Awards



ക്രൈസ്തവ വനിതയുടെ ചീഫ് എഡിറ്ററും ഗുഡ്ന്യൂസ് അപ്ഡേറ്റ്, ക്രൈസ്തവ വനിത, ഇതര ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ ഈടുറ്റ ലേഖനങ്ങൾ ക്രൈസ്തവ കൈരളിക്ക് സംഭാവന ചെയ്തിട്ടുള്ള ശ്രീമതി മേരി അഞ്ചൻ അവർകൾക്ക് ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ പേരിൽ പ്രശംസാപത്രം നല്കി ആദരിക്കുകയുണ്ടായി.

ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ പേട്രനും ക്രൈസ്തവ വനിതയുടെ പ്രസാധകനും ഗുഡ്ന്യൂസ് അപ്ഡേറ്റ്, ക്രൈസ്തവ വനിത ആദിയായ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ ഈടുറ്റ ലേഖനങ്ങൾ സംഭാവന ചെയ്തിട്ടും ഉള്ള ശ്രീ. ജോർജ് ജോൺ അവർകൾക്ക് ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ പേരിൽ പ്രശംസാപത്രം നല്കി ആദരിക്കുകയുണ്ടായി.



BIBLE QUIZ

## (Quest 89 ലെ ചോദ്യങ്ങൾ ഈ ലക്കം മാസികയിൽ നിന്നുമാണ്)

1. ഇന്ത്യയിലെ ജനപ്രിയ സാഹിത്യത്തിന്റെ മഹാറാണി എന്ന് വിശേഷിപ്പിക്കുന്നത് ആരെ?
2. ഏത് പാത്രത്തിന്റെ സ്ഥാനം ആണ് വീടിന് വെളിയിലുള്ളത്?
3. ശമര്യരെക്കുറിച്ച് ഇഷ്ടമില്ലാത്ത പാത്രം എന്ന് വേദപുസ്തകത്തിൽ എവിടെയാണ് പറഞ്ഞിരിക്കുന്നത്?
4. 'നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചിരിക്കുന്നുവോ?" ആര് ആരോട് ചോദിച്ചു?
5. .......... നിഷ്ഫലപ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത്.
6. അലക്സാണ്ടർ 14 – ാം വയസ്സിൽ ആരുടെ ശിഷ്യത്വം സ്വീകരിച്ചു?
7. 'മായ' എന്ന പദം സഭാപ്രസംഗിയിൽ എത്ര പ്രാവശ്യമാണ് പറഞ്ഞിരിക്കുന്നത്?
8. ദമസ്കോസിന്റെ പടിവാതില്ക്കൽ വച്ച് കർത്താവിനാൽ പിടിക്കപ്പെട്ട വ്യക്തി ആര്?
9. ദാവീദിനെക്കുറിച്ച് ദൈവം സാക്ഷീകരിച്ചിരിക്കുന്നത് എന്ത്?
10. "അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽ മക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നോരു പാത്രമാകുന്നു" ആര്, ആരെക്കുറിച്ച് പറഞ്ഞതാണ്?
11. ദരിദ്രരുടെ നേരെ നിന്റെ ഹൃദയം കഠിനമാക്കരുത് ........ അടയ്ക്കയുമരുത്.
12. രക്ഷിക്കപ്പെട്ട എല്ലാവരും കർത്താവിന്റെ ............ ആണ്.
13. നിങ്ങൾ പാമ്പിനെപ്പോലെ..... ഉള്ളവരും പ്രാവിനെപ്പോലെ .... ആയിരിപ്പിൻ.
14. ആരുടെ നിമിത്തമാണ് ദൈവം അബിമേലെക്കിന്റെ ഭവനത്തിലെ ഗർഭം ഒക്കെയും അടച്ചത്?
15. ............കൈയിലെ അസ്ത്രങ്ങൾ എങ്ങനെയോ അങ്ങനെയാകുന്നു യൌവ്വനത്തിലെ മക്കൾ
16. ദൈവത്തിന്റെ ഇഷ്ടമോ നമ്മുടെ ........ തന്നെ.
17. സ്ത്രീജനം ബലഹീനപാത്രം എന്നും അവർ ജീവന്റെ കൃപയ്ക്ക് കൂട്ടവകാശികൾ ആണ് എന്നും പറഞ്ഞത് ആര്?
18. സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ യോഹന്നാൻ സ്നാപകനെക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല എന്ന് സാക്ഷ്യം പറഞ്ഞത് ആര്?
19. എല്ലാറ്റിനേക്കാളും കപടവും വിഷമവുമുള്ളത് എന്ത്?
20. നന്മ ചെയ്വാനറിഞ്ഞിട്ടും ചെയ്യാത്തത് ...............

### പ്രത്യേക ശ്രദ്ധയ്ക്ക്

ക്വെസ്റ്റ് 89 – ന്റെ ഉത്തരങ്ങൾ 2023 ജൂൺ 30 നു മുമ്പായി
ഞങ്ങൾക്കു ലഭിക്കത്തക്കവിധം തപാൽവഴിയോ,
വാട്ട്സ് ആപ്പിലോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
വാട്ട്സ് ആപ്പ് നമ്പർ : 9087144349
ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :
Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11

Printed at Grace Printers, Muttada, Trivandrum (Mob: 9447059891)
for Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11